# പ്രസന്നകേരളം

ചങ്ങമ്പുഴ കൃഷ്ണപിള്ള

# ആ നീലക്കുയിൽ

## ഇടപ്പള്ളി രാഘവൻപിള്ളയെക്കുറിച്ചുള്ള സ്മരണകൾ.

1

ആ നീലക്കിളി!—അന്നാദ്യമായി അതിനെ കണ്ടപ്പോൾ അതൊരു കുയിലാണെന്നോ, സംഗീതമയമാണ് അതിന്റെ ഹൃദയമെന്നോ, അതു പാട്ടമെന്നോ, അങ്ങനെ പാടിപ്പാടി മരിക്കുമെന്നോ ഞാനറിഞ്ഞില്ല! പുളകംകൊള്ളിക്കുന്ന ഈ പരമാർത്ഥങ്ങൾ പടിപടിയായി മനസ്സിലാക്കുവാൻ പോലും മനുഷ്യായുസ്സിന്റെ പത്തിലൊരംശമേ വേണ്ടിവന്നുള്ളു എന്ന ദയനീയമായ പരമാർത്ഥം അനാവിഷ്കരിക്കുമ്പോൾ, മഴവില്ലൊളി വിതറി ഒരു നീർപ്പോളപോലെ താനേ തകർന്നുപോയ ആ ജീവിതസ്വപ്നം ഇന്നെന്റെ കൺപീലികളെ ജലാർദ്രമാക്കുന്നു.

മനോഹരമായ ഒരു ശിശിരപ്രഭാതം. പക്ഷെ ഉഷസ്സിലെ പ്രകൃതിസൗന്ദര്യത്തിന്റെ വിശാലതയിൽ വിഹരിക്കുന്നതേക്കാൾ ഉറക്കത്തിന്റെ മടിത്തട്ടിൽ മൂടിപ്പുതച്ചു കിടക്കുന്നതായിരുന്നു എന്റെ കൗമാരത്തിനധികമിഷ്ടം. വളരുന്ന ജീവിതത്തിന്റെ പരുപരുത്ത ആവശ്യങ്ങൾക്കും മുരടിച്ച നിയമങ്ങൾക്കും അനുവദനീയമായിരുന്നു എന്റെ സ്വപ്നം. അക്കാരണത്താൽ, സമരത്തിൽ സ്ഥാനഭ്രഷ്ടനായിത്തീരുന്ന ഒരു രാജാവിനെക്കാൾ മനോവേദനയോടുകൂടിയാണു അക്കാലങ്ങളിൽ ഞാനെന്റെ നിദ്രാസാമ്രാജ്യത്തോടു യാത്ര പറഞ്ഞിരുന്നതു് എന്റെ വീട്ടിൽനിന്നു രണ്ടര ഫർലോംഗ് അകലത്തുള്ള ഒരു വീട്ടിൽ പോയി രാവിലെ ചായയ്ക്കാവശ്യമുള്ള പാൽ വാങ്ങിക്കൊണ്ടുവരികയായിരുന്നു എന്റെ അന്നത്തെ "ഡ്യൂട്ടി." ആ കർത്തവ്യനിർവഹണത്തിനായി നിരത്തിൽകൂടി മടിച്ചു മടിച്ചിഴയുമ്പോളാണു് ആ രണ്ടു കുമാരന്മാരെ ഞാൻ ആദ്യമായി കണ്ടതു്. രണ്ടുപേരും അതിരാവിലെ ഉണർന്നു കുളിച്ചിട്ടുണ്ടെന്നു അവരുടെ ലലാടമധ്യത്തിൽ മന്ദഹസിക്കുന്ന ചന്ദനപ്പൊട്ടുകൾ വിളംബരം ചെയ്യുന്നുണ്ടു്. രണ്ടുപേരും ശുഭ്രവസ്ത്രാലംകൃതരാണു്. പിന്നിൽ നടക്കുന്ന കുമാരന്റെ കൈയിൽ മാത്രമേ സ്ലേറ്റുള്ളൂ. അവരെക്കണ്ടാലാർക്കും തോന്നും, മുൻപിൽ പുസ്തകങ്ങളും കൈയിൽ തൂക്കിക്കൊണ്ടു നടക്കുന്ന ആൾ ജ്യേഷ്ഠനും, പുറകെ സ്ലേറ്റും പുസ്തകങ്ങളും പിടിച്ചു നടക്കുന്ന ആൾ അനുജനുമാണെന്ന്. അതെ; വാസ്തവത്തിൽ അതു ഇടപ്പള്ളി രാഘവൻപിള്ളയും അദ്ദേഹത്തിന്റെ അനുജനും (അദ്ദേഹത്തിന്റെ പേർ ഇന്നും എനിക്കു നിശ്ചയമില്ല) ആയിരുന്നു. ആദ്യം കണ്ട ദിവസം തന്നെ ഞങ്ങൾ—ഞാനും രാഘവൻപിള്ളയും—മുഖത്തോടുമുഖം സൂക്ഷിച്ചുനോക്കി. ഒന്നും സംസാരിച്ചില്ല. മിണ്ടാതങ്ങനെ കടന്നുപോയി. ആ രംഗം അതിനുശേഷം പലപ്പോഴും ആവർത്തിക്കപ്പെട്ടിട്ടുണ്ട്! പക്ഷെ അവർ ആരെന്നു, കുമാരനായ എനിക്കു അറിഞ്ഞുകൂടായിരുന്നു........

അടുത്തകാലത്തു ആ സംഭവങ്ങളുടെ പിന്നിൽ കിടക്കുന്ന നഗ്നമായ പരമാർത്ഥം എനിക്കറിയാൻ കഴിഞ്ഞു. ഇടപ്പള്ളിയിൽനിന്നു ഏതാണ്ടു രണ്ടര മൈൽ അകലെ "മുട്ടാർ" എന്നു ഒരു സ്ഥലമുണ്ട്. അവിടത്തെ എക്സൈസ് ശിപായിയായിരുന്നു അവരുടെ പിതാവ്—പാണരത്തു നീലകണ്ഠപ്പിള്ള. അദ്ദേഹത്തിന്റെ ജോലിസ്ഥലത്തുനിന്നും ഏതാണ്ടു 3 ഫർലോംഗ് അകലെ ഒരു മലയാളം പ്രൈമറിസ്കൂളുണ്ട്. എന്നുവെച്ചാൽ അതിന്നും നിലനിൽക്കുന്നുണ്ട്. രാഘവൻപിള്ള അന്നു നാലാംക്ലാസിൽ പഠിച്ചിരുന്നുവത്രേ. അനുജൻ 3-ാം ക്ലാസിലും ഞാൻ അന്നു ഇടപ്പള്ളി വി. എം സ്കൂളിൽ ഒന്നാംക്ലാസിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയാണ്.

ഞങ്ങളുടെ സന്ദർശനം ഇങ്ങനെ നിരത്തിൽവെച്ചു നിത്യവും ഉണ്ടാകാറുണ്ട്. ഞാൻ ആരെന്നോ, അവർ ആരെന്നോ അന്ന് എനിക്കറിഞ്ഞുകൂടാ. എങ്കിലും ഞങ്ങൾക്കു തമ്മിൽ പരസ്പരം ഒരു മതിപ്പുണ്ടായിരുന്നു. ഒരു നേരിയ ചിരി, അന്യോന്യം കാണുന്ന അവസരത്തിൽ കൈമാററം ചെയ്തിരുന്നതിലാണു ആ വിലപിടിച്ച മതിപ്പ് ഞങ്ങൾ പ്രകടിപ്പിച്ചിരുന്നതു്. എനിക്കു വിശേഷിച്ചും ആ കുമാരനെ ഒരു മതിപ്പുണ്ടായി. കാരണം അയാളുടെ ചന്ദനപ്പൊട്ടാണു്. അതു് അതിരാവിലെ നിർവഹിച്ച ആരോഗ്യപ്രദമായ ഒരു സ്നാനത്തെ വിളംബരം ചെയ്യുന്നു. ഞാനാകട്ടെ പല്ലുകൂടി തേച്ചിട്ടില്ല. ഞാൻ ഏററവും ശപിച്ചിട്ടുള്ളതു 'നവരാത്രി'ക്കാലമാണ്. എന്തെന്നാൽ അന്നു രാവിലെ കുളിക്കാതെ ആഹാരം തരികയില്ല. ഇതിപ്പോൾ മത്തങ്ങാക്കറി കൂട്ടുന്നതിനെക്കാൾ എനിക്കു സങ്കടകരമായിരുന്നു അന്നത്തെ പ്രഭാതസ്നാനം. എനിക്കു അസഹ്യവും ദുസ്സാധ്യവുമായ ഒരു കാര്യം അവർ സസന്തോഷം പരപ്രേരണ കൂടാതെ നിർവഹിച്ചിരുന്നതിലാണോ എനിക്കവരോടു സന്തോഷം തോന്നിയതെന്നു തീർച്ചപറയാൻ പഠിപ്പും വളർച്ചയും പണവും പ്രശസ്തിയും സിദ്ധിച്ച ഇന്നത്തെ എനിക്കു സാദ്ധ്യമല്ല. അതായിരിക്കാം കാരണം എന്നു ഇന്നത്തെ എന്റെ ബുദ്ധി ശഠിക്കുന്നു. ഞാൻ എതിർക്കുന്നില്ല. പക്ഷെ അന്നു് എന്നെ ആകർഷിച്ചതു വേറൊന്നുമല്ല. അവരുടെ വെളുവെളുത്ത വസ്ത്രങ്ങളും, കറുകറുത്ത നെററിയിൽ നക്ഷത്രങ്ങൾ പോലെ മിന്നുകയും മന്ദഹസിക്കുകയും ചെയ്യുന്ന ചെറിയ ചന്ദനപ്പൊട്ടുകളും മാത്രമായിരുന്നു!

അനേകസംവത്സരങ്ങൾ ഇപ്പോൾ കഴിഞ്ഞു. പക്ഷെ ആ പ്രഭാതരംഗങ്ങളും, അവയുടെ ജീവൻ കൊടുത്ത ആ കുമാരന്മാരും അവരുടെ ശുഭ്രവസ്ത്രങ്ങളും, ആ കൊച്ചു ചന്ദനപ്പൊട്ടുകളും എന്റെ മനസ്സിൽനിന്നു മാഞ്ഞിട്ടില്ല. അവർ എന്നെ മൂകമായി അടിമപ്പെടുത്തിയിരുന്നു. എന്നെയല്ല, അകൈതവവും, ഒരു കാട്ടുപൂവിനെപ്പോലെ പരിശുദ്ധവുമായ എന്റെ ഹൃദയത്തെ!

(തുടരും)

## ഓണം വിശേഷാൽപ്രതി

പ്രസന്നകേരളത്തിന്റെ ഓണം വിശേഷാൽപ്രതിക്കു വേണ്ടി ജൂൺ 25-ാംനു ഗവർമ്മെന്റനുവാദത്തിനു അപേക്ഷിച്ചിരുന്നു. അനുവാദം നിഷേധിച്ചുകൊണ്ടുള്ള ഗവ: സെക്രട്ടറിയുടെ കത്തു ഇന്നു ഞങ്ങൾക്കു കിട്ടിയിരിക്കുന്നു.

6—8—46 മാനേജർ

## വിഷയവിവരം

1. ആ നീലക്കുയിൽ— ചങ്ങമ്പുഴ.
2. നാടക വേദി— സി. ജെ. തോമസ്.
3. അന്തരംഗം— വെട്ടൂർ രാമൻനായർ.
4. യവന ദാർശനികർ ii — കുററിപ്പുഴ.
5. നമ്മുടെ സാഹിത്യനിരൂപണം iii —എ. ബാലകൃഷ്ണപിള്ള
6. നോവൽ പങ്ക്തി—
7. ആനുപാതിക പ്രാതിനിധ്യം— സി. അച്യുതമേനോൻ
8. സാമ്പിൾ അസംബ്ളി—വിനോദം— ഡി. സി.
9. പതിമൂന്നാം പേജ്—ബാലൻ
10. ഗ്രാമീണ ഗ്രന്ഥാലയവും വയോജന വിദ്യാഭ്യാസവും —കെ. ജെ. തോമസ്.
11. തൊഴിലാളി ലോകം.

പ്രസന്നകേരളം
ദേശീയ വാരിക

പുസ്തകം—18 ലക്കം—15
11—8—46.
വില—അണ 2.

സി. ജെ. തോമസ്

# നാടകവേദി

## ചില സ്വഭാവവിശേഷങ്ങൾ

സംഗീതം, വാഗ്മിത്വം, നൃത്തം, അഭിനയം എന്നിവയെല്ലാം ഒരുപോലെ സ്ഥാനമുള്ള ഒരു കലയാണ് നാടകം. ഇവയിൽ ഏതിലെങ്കിലും ഒരെണ്ണത്തിൽ ഉള്ള പ്രത്യേകപാടവമല്ല നാടകത്തിന്റെ വിജയം; ഇവയെല്ലാം തമ്മിലുള്ള പൊരുത്തത്തിന്റെ പ്രാധാന്യവും, ഓരോന്നും എങ്ങിനെ നാടകത്തിന്റെ ഘടകങ്ങളായിത്തീരുന്നു എന്ന അറിവുമാണ്.

ഗദ്യനാടകത്തിൽ സംഗീതത്തിനു സ്ഥാനമെവിടെ എന്നു ശങ്കിച്ചേക്കാം. എന്നാൽ നാടകത്തിലെ സംഭാഷണം വെറും വാഗ്മിത്വമല്ലെന്ന് ഓർമ്മിക്കേണ്ടതാണ്. വീരം, രൗദ്രം എന്നീ രസങ്ങൾ പ്രകടിപ്പിക്കേണ്ട സ്ഥാനങ്ങളിൽ വാഗ്മിത്വത്തിനാണ് പ്രാമുഖ്യം. പക്ഷേ കരുണം, പ്രേമം മുതലായവയിൽ സംഭാഷണം വെറും ഗദ്യത്തിൽനിന്നു സ്വരത്തിലും രസത്തിലും സംഗീതമയമായിത്തീരുന്നതു കാണാം. പ്രത്യേക ഒരു രാഗവും ആ സംഭാഷണത്തിലുണ്ടായിരിക്കയില്ല. സംഗീതശാസ്ത്രം അതിനെ അംഗീകരിക്കയുമില്ല എന്നിരുന്നാലും നീണ്ടും കുറുകിയും, ഉയർന്നും താഴ്ന്നും വരുന്ന ആ ഗദ്ഗദങ്ങളിൽ സംഗീതത്തിന്റെ ആത്മാവ് ഉണ്ടാകുന്നില്ലെങ്കിൽ അഭിനയം പരാജയമായിരിക്കും. ഒന്നു മാത്രം സൂക്ഷിക്കേണ്ടതുണ്ട്. ഈ രീതി അതിരുകടന്നുപോയാൽ സംഗീതനാടകത്തിന്റെ കൃത്രിമത്വവും വൈകൃതവും മുഴുവൻ വന്നുകൂടും.

നാടകത്തിൽ നൃത്തത്തിനും അടിസ്ഥാനപരമായ ഒരു സ്ഥാനമുണ്ട്. നമ്മുടെ ഏററവും നല്ല നടന്മാരും അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണ് കൈകളും കാലുകളുംകൊണ്ട് എന്തു ചെയ്യണമെന്നുള്ളത്. കൈകൾ എപ്പോഴും മുന്നോട്ടു നീട്ടി ഓരോന്നും കാണിച്ചുകൊണ്ടിരുന്നാൽ അഭിനയഗാനത്തിന്റെ പ്രതീതിയാണ് കാഴ്ചക്കാർക്കുണ്ടാവുന്നത്. കാലുകളുടെ കാര്യം അതിലും കഷ്ടമാണ്. ഒരു കാലിൽനിന്നു ശരീരത്തിന്റെ ഭാരം മറുകാലിലേക്ക് ഇടയ്ക്കിടയ്ക്കു മാററി സ്റ്റേജിന്റെ മദ്ധ്യത്തിൽ സൂചിതപസ്സു ചെയ്യുന്ന നടനോട് അനുകമ്പ തോന്നാറുണ്ട്. പൊതുവെ ശരീരം ഒരു വലിയ ചുമടായിട്ടാണു നടന് അനുഭവപ്പെടുന്നത്. ശരീരചലനങ്ങളും അംഗവിക്ഷേപങ്ങളും സ്വാഭാവികമാക്കുകയാണ് ഇതിനുള്ള പ്രതിവിധി. രംഗഭയം മാറിയിട്ടില്ലാത്തവർ സ്റ്റേജിൽ കൂടുതൽ സമയം ഒരു സ്ഥലത്തുതന്നെ നിൽക്കേണ്ടിവരുമ്പോൾ പാദങ്ങൾ അൽപ്പം അകററി ഉറച്ചുനിൽക്കുന്നതു നല്ലതാണ്. നാണംകുണുങ്ങുന്ന സ്ത്രീകൾ സാരിത്തുമ്പു ചുരുട്ടുന്നതുപോലെ ചെയ്യാതിരിക്കുവാൻ കൈകൾക്ക് എന്തെങ്കിലും നിശ്ചിതമായ ജോലി കൊടുക്കേണ്ടതാണ്. റിഹേഴ്സൽസമയത്ത് ഇതുകൂടി ശ്രദ്ധിച്ച് പരിശീലിക്കേണ്ടതാണ്. ഇവയിലെല്ലാം കാണിക്കേണ്ട മെയ്‌വഴക്കവും ഭംഗിയും നൃത്തത്തിന്റേതായതുകൊണ്ടാണ് നാടകത്തിൽ നൃത്തത്തിന്റെ അംശവും ഉണ്ടെന്നു പറഞ്ഞത്.

### സ്വാഭാവികത

അഭിനയം സ്വാഭാവികമായിരിക്കണമെന്ന തത്വം വളരെ അധികം ആവർത്തിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. അത്രത്തോളം പ്രാവശ്യം അതു തെററിദ്ധരിക്കപ്പെട്ടിട്ടുമുണ്ട്. കൃത്രിമത്വംകൊണ്ട് ഉണ്ടായിട്ടുള്ള പരാജയങ്ങളോളം തന്നെ അതിരുകടന്ന സ്വാഭാവികതകൊണ്ടും ഉണ്ടായിട്ടുണ്ട്. സ്വാഭാവികതയെന്ന പ്രയോഗം ഉൾക്കൊള്ളുന്ന ആശയത്തെ മനസ്സിലാക്കാത്തതുകൊണ്ടാണ് സാധാരണയായി തെററു സംഭവിക്കുന്നത്.

കലാകാരൻ ഫോട്ടോഗ്രാഫറല്ല. വെളിച്ചത്തിന്റെയും നിഴലുകളുടെയും വിവേചനാരഹിതമായ യാന്ത്രികപ്രതിഫലനം കലാസൃഷ്ടിയുമല്ല. അതിൽ മുഖത്തെ കുരുവിനും അധരങ്ങൾക്കും സമപ്രാധാന്യമാണുണ്ടാവുക. ചിത്രകാരൻ ചെയ്യുന്നതു അതിൽ പ്രത്യേക പരിഗണന കൊടുക്കേണ്ട അംശങ്ങൾക്കു പ്രാധാന്യവും മററുള്ളവയ്ക്കു ഒളിവും നൽകുകയാണ്. ആവിഷ്കരിക്കപ്പെടേണ്ട ഒരു ആശയമുണ്ട്. അതു പ്രേക്ഷകന്റെ ഹൃദയത്തിൽ ഏററവും സുഗമമായി എത്തിക്കുകയും സുസ്ഥിരമായി പാലിക്കുകയും ചെയ്യുന്ന മാർഗ്ഗമെന്താണെന്നതാണ് കലയിലെ പ്രശ്നം. ഇതിനു വേണ്ടിയാണ് ചിലതിനു പ്രത്യേക പ്രാധാന്യം കൊടുക്കുന്നതും മററു ചിലതു ഒളിക്കുന്നതും. "റീയലിസം" തെററിദ്ധരിച്ചു ഇവിടെ ഒരു എതിർപ്പുണ്ടാകാം. വസ്തുക്കളോട് അങ്ങിനെ പക്ഷപാതിത്വം കാണിക്കുന്നതു ആത്മാർത്ഥതയ്ക്കും സത്യത്തിനും വിരുദ്ധമല്ലേ എന്നുള്ളതാണതു. പക്ഷേ ഒന്നു സ്മരിക്കേണ്ടതുണ്ട്. റീയലിസമായാലും അതു കലയാണ്. കലയുടെ മാനദണ്ഡം കച്ചവടത്തിന്റെ വാരക്കോലല്ല. കവിയുടെ ആത്മാർത്ഥത സാധുവിന്റെ ഹൃദയം തുറന്ന വിഡ്ഢിത്തവുമല്ല. അന്യവികാരങ്ങളോടു സാത്മ്യം പ്രാപിച്ചു ചിന്തിക്കുവാനുള്ള കഴിവു മാത്രമാണ് കവിയുടെ ആത്മാർത്ഥത. കലാകാരൻ സ്വയം വികാരാധീനനാവുകയല്ല ചെയ്യുന്നതു; മററുള്ളവരെ വികാരാധീനരാക്കുകയാണ്. അങ്ങിനെയല്ലെങ്കിൽ അവൻ അതു സ്വയം അനുഭവിച്ചാൽ മതിയാകുമല്ലോ. അന്യരെ കാണിക്കാൻ പരിശ്രമിക്കുന്നതെന്തിനാണ്. ഈ തത്വം സ്വയം അറിഞ്ഞുകൊണ്ടാണ് കലാകാരൻ പ്രകടനം നടത്തുന്നതു. നടൻ രംഗത്തു മരിച്ചു വീഴുന്നതും, ചിത്രകാരൻ ശവമൊഴുകുന്ന ഗംഗാനദിയെ കനകപ്രവാഹമാക്കി മാററിത്തീർക്കുന്നതും. ഇതിലെല്ലാം കാണുന്ന ആത്മാർത്ഥതയാണ് "കലാകാരന്റെ ആത്മാർത്ഥത". ഈ തത്വം സ്വാഭാവികതയ്ക്കും ബാധകമാണ്. അഭിനയം സ്വാഭാവികമായിരിക്കണമെന്നു പറയുമ്പോൾ അതു അക്ഷരംപ്രതി ശരിയാകാൻ നിവൃത്തിയില്ല. സ്റ്റേജിൽവച്ചു പ്രണയം അഭിനയിക്കാനല്ലാതെ അനുഭവിക്കാൻ പോകുന്നതു അത്ര പന്തിയല്ല. ഉത്തരമനുസരിച്ചു വികാരം സൃഷ്ടിക്കുകയും സാദ്ധ്യമല്ല. അവയെല്ലാം ഭാവിക്കുക മാത്രമേ കഴിയൂ. ആ ഭാവങ്ങളെല്ലാം യഥാർത്ഥമായി തോന്നത്തക്കവിധം അവയെ സൃഷ്ടിക്കുന്ന വികാരങ്ങളോടും, രംഗത്തോടും, പാത്രങ്ങളോടും സാത്മ്യം പ്രാപിക്കുക മാത്രമാണ് നടൻ ചെയ്യുന്നതു. ഇതു കഴിയണമെങ്കിൽ നടൻ കഥയുടെ അന്തരാത്മാവിലേയ്ക്കു കടന്നുചെന്നു അതിലെ ആശയം അനുഭവിച്ച് തന്നെത്തന്നെ മറന്ന് അതിലൊരു പാത്രമായി മാറണം. പക്ഷേ ഈ സമയമെല്ലാം, താൻ അഭിനയിക്കുകയാണെന്നും, തന്റെ മുമ്പിൽ ഇരിക്കുന്ന കാണികളുടെ മനസ്സിൽ വികാരങ്ങൾ സൃഷ്ടിക്കുകയാണു തന്റെ ലക്ഷ്യമെന്നും ഓർമ്മിക്കുകയും വേണം. നടന്റെ ഈ ഭാവം കാപട്യമാണെന്നു പറയുന്നവരുണ്ടാകാം. ശരി ആയിരിക്കാം. പക്ഷേ ആ കാപട്യമില്ലാതെ കലയില്ല. സുന്ദരിയുടെ മുഖവും അഷ്ടമുടിക്കായലും കലയല്ല. അവയുടെ ചിത്രങ്ങൾ കലയാണ്. രംഗത്തു വന്ന്, ചന്തയ്ക്കു സാമാനം വാങ്ങാൻ പോകുന്നതുപോലെ പ്രേമലേഖനം കൊടുത്താൽ അതു ഭംഗിയല്ല. വികാരങ്ങളും ഭാവരസങ്ങളും അൽപ്പം വർദ്ധിപ്പിക്കണം. സംഭാഷണത്തിലും, നടപ്പിലും വേഗത കുറയ്ക്കണം. സദസ്യർക്കു നന്നേ കാണാവുന്ന രീതിയിൽ, എന്നാൽ കൃത്രിമമാവാതെയും, തന്നെത്തന്നെ പ്രദർശിപ്പിക്കണം. അതു കൂടാതെ കഴിവില്ല. രംഗത്ത് അഭിനയിക്കുവാനല്ലാതെ ജീവിക്കുവാൻ നടനു ചുമതലയില്ല.

### ഓവർ ആക്ടിംഗ്

മറുവശവും ഇതുപോലെ അപകടം പിടിച്ച ഒരു കിടങ്ങാണ്. തമിഴ് രാവണന്റെ കണ്ണ് ത്രിമാനചിത്രത്തിലേതുപോലെ പാഞ്ഞുവന്നു നമ്മുടെ നെററിക്കു അടിക്കുമ്പോൾ, നാം രാവണന്റെ കോപത്തെപ്പററി സ്മരിക്കുന്നേയില്ല. രാമഭാഗവതരുടെ തലവേദനയെപ്പററി സഹതപിക്കുകയാണ്. ചിത്രവും ഹാസ്യചിത്രവും തമ്മിലുള്ള അന്തരമാണ് അഭിനയവും ഓവർആക്ടിംഗും തമ്മിലുള്ളതു. മെലോഡ്രാമാ അഭിനയിക്കുമ്പോഴാണ് ഈ തെററു പതിവായിട്ടുണ്ടാകുന്നതു. മദ്യപാനിയും കോപിയുമാണ് ഈ നിയമത്തിന്റെ സ്ഥിര ലംഘകന്മാർ. ജനോവ നാടകത്തിലെ കുട്ടിക്കാരന്റെ ജോലിയായിരിക്കയില്ല ഒരു മദ്യപാനി പാത്രത്തിനു രംഗത്തു നിർവഹിക്കുവാനുള്ളതു. നടന്റെ കോപം നമ്മെ ഭയപ്പെടുത്തുന്നതിനു വിരോധമില്ല. ചിരിപ്പിക്കരുതെന്നു മാത്രം. ശ്രീകേശവദേവിന്റെ ഭാഷയിൽ പറഞ്ഞാൽ "ക്ലാപ്സ്" കിട്ടുവാനുള്ള യത്നമാണ് സാധാരണയായി നടന്മാരെ ഓവർ ആക്ടിലേക്കു തള്ളി വിടുന്നതു.

(തുടരും)

**R. K. വിററൽസ്**

നഷ്ടപ്പെട്ട ധാതുക്കളെ വീണ്ടെടുത്തു താരുണ്യത്തെയും, സൗന്ദര്യത്തെയും പ്രദാനം ചെയ്യുന്നു.

രക്തശുദ്ധിക്കും, പ്രസവാനന്തരമുള്ള ആരോഗ്യാഭിവൃദ്ധിക്കും അതിവിശിഷ്ടം.

**നിർമ്മാതാക്കൾ:—**

എ ഡി ഫോസ്പിററൽ H. O. മുണ്ടക്കയം.

പ്രധാന മെഡിക്കൽഷാപ്പുകളിലും, ഞങ്ങളുടെ എല്ലാ ബ്രാഞ്ചുകളിലും കിട്ടുന്നതാണ്

**പുരോഗമന പ്രസിദ്ധീകരണങ്ങൾ**

**തയ്യാറായിരിക്കുന്നു**

ആഭാസസാഹിത്യം ഇന്നോ അന്നോ ?
ചമ്പക്കുളം എൻ കെ നായർ

ആഹ്വാനം — കെ സി ആൻറണി

ഓണക്കാഴ്ച-ചെറുകഥ — ചമ്പക്കുളം എൻ കെ നായർ

ജയിലിൽ — ചമ്പക്കുളം ശങ്കുണ്ണിനായർ

അപേക്ഷിക്കുക:-
എൻ കെ നായർ, ചമ്പക്കുളം.

വെട്ടൂർ രാമൻനായർ

# അന്തരംഗം

പ്രിയപ്പെട്ട സഖീ,

ദുഃഖത്തിന്റെ കഥകൾ മാത്രം എഴുതി ഞാൻ കൂടെക്കൂടെ നിന്നെ വേദനിപ്പിക്കുകയാണ്. ഭാഗ്യം നിറഞ്ഞ ഒരു ജീവിതം വിധി നിന്റെ മുമ്പിൽ നിവർത്തിട്ടു. അവിടെ വിഷാദത്തിന്റെ കരിനിഴലുകൾ പരത്താൻ ഒരു സഖിയെക്കൂടി എന്തിനു തന്നു? സന്തോഷകരമായ വല്ലതുമൊന്നു എഴുതുവാൻ ഞാൻ എത്ര കാലമായി കൊതിക്കുന്നു? എന്തു ചെയ്യാം ആത്മമിത്രമേ, നിനക്കു എന്നെ മറന്നുകൂടേ? ഇല്ല നിനക്കതു കഴിയുകയില്ല. സ്നേഹം മനുഷ്യഹൃദയത്തിന്റെ മധുരമുള്ള ദൗർബ്ബല്യമാണ്. സ്ത്രീകൾക്കു പ്രത്യേകിച്ചും. ഞാൻ എഴുതട്ടെ. എല്ലാ സങ്കടങ്ങൾക്കും രൂപം രചിക്കട്ടെ.

സഹോദരി, പാവപ്പെട്ടവർക്കു വിദ്യാഭ്യാസം ഒരു ശാപമാണ്. നിനക്കറിയാമല്ലോ എന്റെ അച്ഛൻ എത്ര കഷ്ടപ്പെട്ടാണ് എന്നെ പഠിപ്പിച്ചതെന്ന്. അങ്ങനെ എനിക്കർഹതയില്ലാത്ത ഒരു ലോകത്തെപ്പററി മനസ്സിലാക്കി. പാവങ്ങൾക്ക് അജ്ഞത എന്തൊരനുഗ്രഹമാണ്! മൂകലക്ഷങ്ങൾക്ക് വെളിച്ചവും ശബ്ദവും നൽകിയിരുന്നെങ്കിൽ! അമ്പോ! ആ കൊടുങ്കാററിൽ ഇന്നത്തെ നീതിശാസ്ത്രവും ഗവൺമെന്റുകളും തകർന്നു വീഴുന്നതു നമുക്കു കാണാമായിരുന്നു. ഒരു തരത്തിൽ ലോകത്തെ അജ്ഞത രക്ഷിക്കുന്നു. പഠിത്തം ആ അനുഗ്രഹവും എന്നിൽ നിന്നു അപഹരിച്ചുകളഞ്ഞു. ജീവിതം എങ്ങനെ ആയിരിക്കണമെന്നു നാം മനസ്സിലാക്കി. പക്ഷെ അതു നേടുവാനുള്ള മാർഗ്ഗം എന്താണെന്നറിയിക്കുവാൻ നമ്മുടെ വിദ്യാലയങ്ങൾക്കു കഴിവില്ല. അതു പണക്കാരുടെ കുട്ടികൾക്കുള്ള ഒരു വിനോദമന്ദിരമാണ്. ഞാൻ അവിടെ കടന്നുകൂടായിരുന്നു. എന്റെ പാവപ്പെട്ട അച്ഛൻ അദ്ദേഹത്തിന്റെ ജീവശ്വാസം അർപ്പിച്ച് എന്നെ ഒരു സ്വപ്നാടനക്കാരിയാക്കി. പണം നിറഞ്ഞ ഈ കൊച്ചുവീടും തലമുറകളായി വെളിച്ചം വീശാത്ത ഈ ഗ്രാമവും എന്റെ ശ്വാസം മുട്ടിക്കുന്നു. പാവപ്പെട്ടവൾ, പഠിക്കാൻ ഇടയായവൾ, സ്ത്രീ. അങ്ങനെ മൂന്നു ശാപങ്ങളും എന്നെ ഞെരുക്കുന്നു. എന്റെ ഹൃദയത്തിലെ വിപ്ലവബീജങ്ങൾ ഇനിയും കെട്ടടങ്ങിയിട്ടില്ല. എങ്കിലും ഞാൻ കീഴടങ്ങുകയാണ്.

പുരുഷന്മാരുടെ ഇടയിലില്ലാത്ത ഒരു സമത്വം നമ്മുടെ വർഗ്ഗത്തിനുണ്ട്. വിദ്യാലയത്തിൽ അതു നാം വ്യക്തമായി അനുഭവിച്ചു. ഉദ്യോഗസ്ഥന്റെയും, കൂലിക്കാരന്റെയും, സമ്പന്നന്റെയും ദരിദ്രന്റെയും മക്കളായ നാമെല്ലാം അവിടെ ഒന്നുപോലെ ഇരുന്നു. എല്ലാം ഒരു നേത്രപ്രകടനം മാത്രമായിരിക്കാം. ഇല്ലായ്മ പലതും അഭിരുചിവ്യത്യാസമെന്നു തെററിദ്ധരിപ്പിച്ചും പ്രതാപപ്രകടനങ്ങളെ അനാഡംബരത്വമെന്നപേരിൽ എതിർത്തും നാം ഒരു വിധം സമത്വം പാലിച്ചു. അന്നു സമ്മതിക്കാതിരുന്ന പലതും ഇന്നു തുറന്നു പറയുവാൻ എന്റെ ഹൃദയം എന്നെ പ്രേരിപ്പിക്കുന്നു. ഒരു സ്ത്രീ സാമാന്യനിലയിൽ അതു ചെയ്യുമെന്നു എനിക്കു വിശ്വാസമില്ല.

വിസ്മൃതിയിൽ മൂടിയ പലതും ഞാൻ ഓർമ്മിപ്പിക്കട്ടെ. നിന്റെ പിറന്നാൾ ദിവസം നീ ഒരു നീല സാരി ധരിച്ചുകൊണ്ട് ക്ലാസ്സിൽ വന്നതു ഓർമ്മിക്കുന്നോ? അതുടുത്തു കഴിഞ്ഞപ്പോൾ നീ ആളു തന്നെ മാറിപ്പോയി. അസൂയാവഹമായ ഒരഴകിന്റെ പരിവേഷം അന്നു നിനക്കുണ്ടായിരുന്നു. ഉച്ചവരെ എനിക്കു മററൊന്നും ശ്രദ്ധിക്കുവാൻ കഴിഞ്ഞില്ല. അതുപോലൊന്നു ധരിച്ചുകൊണ്ട് കൂട്ടുകാരികളെ അസൂയ പിടിപ്പിക്കുന്ന അജ്ഞാത ദിവസത്തെ ഭാവനചെയ്യുകയായിരുന്നു ഞാൻ. ആ നീലിമയിൽ, ആകാശഗംഗപോലെ നീണ്ടുകിടന്ന കസവുപാളിയിൽ എന്റെ കണ്ണുകൾ നിശ്ചലമായി നിന്നുപോയി. അത്രവിലകൂടിയ ഒരു സാരിവാങ്ങാൻ എനിക്കൊരിക്കലും സാധ്യമാകയില്ലെന്ന് അറിയാമായിരുന്നു. എങ്കിലും അതിഭംഗിയുള്ള ഒന്നുകൊണ്ടു നിന്നെപ്പോലും തോല്പിക്കുന്നതു സങ്കൽപ്പിക്കാതെ അടങ്ങുവാൻ എന്റെ സ്ത്രീഹൃദയം എന്നെ അനുവദിച്ചില്ല. ഒരു വെള്ളപ്പുടവപോലും വാങ്ങിത്തരുന്നതിന് എന്റെ അച്ഛൻ അന്ന് എത്ര ക്ലേശിച്ചിരുന്നു! നല്ല വസ്ത്രങ്ങൾ ഇല്ലാതെ ഞാൻ എത്ര ദിവസം ക്ലാസ്സിൽ വരാതിരുന്നിട്ടുണ്ട്. അന്നെല്ലാം 'സുഖമില്ലാതെ കിടക്കുകയായിരുന്നു' എന്ന് ഞാൻ പറഞ്ഞ സമാധാനം നിങ്ങൾ വിശ്വസിച്ചിരുന്നോ എന്തോ? വിശ്വസിച്ചു കാണും. മററൊരു കാരണം നിങ്ങൾക്കറിഞ്ഞുകൂടല്ലോ. ആ ഇല്ലായ്മയെക്കാൾ അതു് കൂട്ടുകാർ അറിയുന്നതിൽ ഖേദം തോന്നിയിരുന്നു.

എന്നിട്ടും ഉച്ചയ്ക്ക് എന്താണ് സംഭവിച്ചതു്. ഞങ്ങൾ എല്ലാംകൂടി നിന്നെ കളിയാക്കി. ആൺകുട്ടികളെ ആധിപിടിപ്പിക്കാൻ ചമഞ്ഞതാണെന്നു തട്ടിവിട്ടു. നിറമുള്ള വസ്ത്രങ്ങൾ ധരിക്കുന്നതു് കേരളസംസ്കാരത്തെ അധിക്ഷേപിക്കുകയാണെന്നു പ്രസംഗിച്ചു. അനാഡംബരത്വത്തിന്റെ മാഹാത്മ്യം കീർത്തിച്ചു. ശുദ്ധഗതിക്കാരിയായ നീ അതെല്ലാം വിശ്വസിച്ചുപോയി. പിന്നീടൊരിക്കലും അതു ധരിച്ചുകൊണ്ട് നീ ക്ലാസ്സിൽ വന്നിട്ടില്ല.

മററൊരു സംഭവംകൂടെ ഞാൻ ഓർമ്മിപ്പിക്കട്ടെ. ഉറുമ്പു തിന്നു തുളകൾ നിറഞ്ഞ എന്റെ കുടയെടുത്തു് നിങ്ങൾ തലയ്ക്കുമുകളിൽ നിവർത്തി നക്ഷത്രമണ്ഡലം കാണിച്ചതു ഓർമ്മയുണ്ടോ? ഞാൻ അതിനെ എത്ര കൂസലില്ലാതെ അഭിമുഖീകരിച്ചു. അത്ര നിസ്സാരകാര്യങ്ങളിൽ ശ്രദ്ധിക്കുന്നതു് നിങ്ങളുടെ അന്തസ്സാരശൂന്യതയാണെന്ന ഭാവത്തിൽ ഞാൻ ഗൗരവപൂർവം നിങ്ങളെ അവഗണിച്ചു. പ്രിയപ്പെട്ട മാലതി, ആ പ്രകടനവും എന്റെ ഹൃദയവേദനയുമായി വല്ല ബന്ധവുമുണ്ടായിരുന്നോ? ഞാൻ ഒരു പാവപ്പെട്ടവളാണ്. ആഹാരത്തിനും വസ്ത്രത്തിനുംകൂടി ഗതിയില്ലാത്തവൾ. ഭാഗ്യവതികളായ സഹോദരികളെ! നിങ്ങൾ എന്നെ അവഗണിച്ചുകൊള്ളൂ. നമ്മൾ സമനിലക്കാരാണെന്നു ഭാവിക്കുവാൻ വേണ്ടി ഞാൻ നൂൽപ്പാലത്തിൽ കൂടി സഞ്ചരിച്ച് ഇതാ തളർന്നു കഴിഞ്ഞു. എന്നെ വിട്ടേക്കുക" എന്നു പറയുവാൻ എന്റെ ആത്മാവ് ഉപദേശിക്കുകയായിരുന്നു. അതു് വിചാരത്തിൽ കൂടി കടന്ന് ഭാഷയായപ്പോൾ "ഞാൻ ഇതിലൊന്നും അത്ര ശ്രദ്ധിക്കാറില്ല" എന്നായിപ്പോയി.

എങ്കിലും അതിലെല്ലാം ഒരാത്മാർത്ഥതയുണ്ടായിരുന്നു. അതുകൊണ്ടല്ലാം നമ്മെ സമത്വമില്ലാത്തവരാക്കിയ സമുദായനീതിയെ നാം വെല്ലുവിളിച്ചു. വീടിന്റെ മാനം രക്ഷിച്ചു. എങ്കിലും ആ വൈരുദ്ധ്യങ്ങൾ എനിക്കു മറക്കാൻ കഴിയുന്നില്ല.

വിദ്യാലയത്തിൽ നിന്നും പിരിഞ്ഞതിനു ശേഷമുള്ള 2 വർഷത്തെ വിശേഷങ്ങൾ നീ കൂടെക്കൂടെ എഴുതി ചോദിക്കുന്നു. നിനക്ക് പലതും എഴുതുവാനുണ്ടായിരുന്നു. പുതിയ കോളേജ്, സതീർത്ഥ്യകൾ, സാഹിത്യപരിശ്രമങ്ങൾ, വിനോദങ്ങൾ അതുപോലെ നിരവധി. എനിക്കോ! പരമാർത്ഥത്തിൽ ഇന്ന് എനിക്കൊരു ജീവിതമില്ല. നാം ഒരുമിച്ച് കഴിച്ചുദിനങ്ങൾക്കു ശേഷം സംഭവങ്ങളില്ല. ദിനരാത്രങ്ങൾ വരികയും പോകയും ചെയ്യുന്നു. പ്രവൃത്തിശക്തിനശിച്ച അച്ഛൻ, രോഗിണിയായ അമ്മ, ഇളയ രണ്ടു അനുജന്മാർ. ഒന്നിനൊന്നിന് അധഃപതിക്കുന്ന ജീവിതം. വല്ലപ്പോഴുമുള്ള നിന്റെ കത്തും സ്മരണകളുംമാത്രം എനിക്ക് യാഥാർത്ഥ്യത്തിന്റെ ബോധം നൽകുന്നു. ഞാൻ ജീവിക്കുന്നു എന്ന് എന്നെ അറിയിക്കുന്നതു് അവമാത്രമാണ്. ഇനിയും എന്താണ് എഴുതുവാൻ?

സ്വന്തം, രുഗ്മിണി.

പ്രിയമിത്രമേ,

നിന്റെ കത്ത് ഇന്നലെ കിട്ടി. കുറെ സ്വപ്നങ്ങളെങ്കിലും പകർത്തുവാനുള്ള അവസരം. ഒരാഴ്ചയായി എന്റെ ജീവിതത്തിൽ ഒരു മാററം അനുഭവപ്പെടുന്നുണ്ട്. ഞാൻ എന്താണ് എഴുതുവാൻ പോകുന്നതെന്ന് നീ ഇതിനകം ഊഹിച്ചു കഴിഞ്ഞിരിക്കും. കൊച്ചുകള്ളി, നിന്നെ എനിക്കറിഞ്ഞുകൂടെ. നുണക്കുഴിവിരിച്ചുകൊണ്ടുള്ള ആ കള്ളച്ചിരി ഞാൻ കാണുന്നു. ആകട്ടെ നീ എന്നെ പരിഹസിച്ചുകൊള്ളൂ. ഞാൻ എഴുതട്ടെ. ഒരു പെൺകുട്ടിക്ക് അവളുടെ കൺകോണിന്റെ മൂർച്ച ഒരു യുവാവിന്റെ മേൽ പരിശോധിച്ചുനോക്കേണ്ടതു അവളുടെ ആവശ്യമാണ്. അതിനുള്ള വിളംബരം യൗവനം മുഴക്കുന്നു. ഏതു പരിതസ്ഥിതിയിലും അതുണ്ടാകും. പുരുഷന്മാർ ശ്രദ്ധിക്കുന്നു എന്നതിൽകൂടി സ്ത്രീയുടെ യൗവനം ജീവിക്കുന്നു. പ്രിയപ്പെട്ട മാലതി നീയും ഒരു സ്ത്രീയാണല്ലോ. വിദ്യാലയത്തിലേക്കു പോവുകയും മടങ്ങുകയും ചെയ്യുമ്പോൾ വഴിയിൽ നമ്മെ മിനക്കെട്ടിരുന്ന് നോക്കി ദഹിപ്പിക്കുന്ന യുവാക്കന്മാരെപ്പററി നമ്മൾ എന്തെല്ലാം പറഞ്ഞിരിക്കുന്നു. പലപ്പോഴും അതൊരു ശല്യമായിരുന്നു. എങ്കിലും അതുമധുരമുള്ള ഒരനുഭവമായിരുന്നില്ലേ? അവരി

### ചെറുകഥ

ല്ലായിരുന്നെങ്കിൽ ആ ജീവിതം എത്ര വിരസമാകുമായിരുന്നു. നമ്മെപ്പററി നമുക്ക് ഒരു ബോധം നൽകിയിരുന്നതു അവരല്ലേ? അല്ലെങ്കിൽ ഞാൻ ഈ അവതാരിക ദീർഘിപ്പിക്കുന്നില്ല. കാര്യങ്ങൾ എഴുതട്ടെ.

കഴിഞ്ഞ ഞായറാഴ്ച പൗർണ്ണമാസി ആയിരുന്നല്ലോ. അന്ന് എന്റെ ജീവിതത്തിലെ അതിപ്രധാനമായ ഒരു ദിവസമായിരുന്നു. വാവിനാൾ ഞങ്ങളുടെ വീട്ടിൽ അത്താഴം കഴിക്കുക പതിവില്ല. ഉച്ചയ്ക്കു ചോറുണ്ണും. കായലിൽ നീന്തി തളർന്ന ഒരാൾക്ക് കര കാണുമ്പോഴുള്ള ഒരാനന്ദമാണ് കഞ്ഞി മാത്രം കഴിച്ചു പരിചയിച്ച കുട്ടികൾക്കു ചോറുകിട്ടുമ്പോൾ. വൈകുന്നേരത്തെ ലഘുഭക്ഷണം കഴിഞ്ഞ് —നിങ്ങൾക്കു പട്ടണത്തിൽ കിട്ടുന്ന മാതിരിയൊന്നുമല്ല— കുട്ടികൾ എല്ലാവരും കിടന്നു. ചന്ദ്രികയിൽ മുങ്ങി വീടിന്റെ പരിസരങ്ങൾ ധവളാഭമായിമിന്നി. മാദകമായ ഒരു ഉന്മേഷം എന്നെ ആ നിലാവെളിച്ചത്തിലേക്കു വിളിച്ചു കൊണ്ടിരുന്നു. ഞാൻ ഒരു പുസ്തകമെടുത്ത് കൊണ്ടു മുററത്തിറങ്ങിയിരുന്നു വായന ആരംഭിച്ചു. ഹോ! ആ കഥയിലെ രംഗങ്ങൾ എന്റെ ഹൃദയത്തെ എങ്ങനെ ഉ

ലച്ചുവെന്നോ. രണ്ടു പാവപ്പെട്ട കുടുംബങ്ങളുടെ ദയനീയമായ അനുഭവങ്ങൾ. സാധുവായ പെൺകുട്ടിയും, അവളുടെ നിർധനനായ കളിത്തോഴനും. ദുഃഖപൂർണ്ണമായ ജീവിതം അവരുടെ യൗവനത്തിലേക്കു കടക്കുമ്പോൾ അത്യന്തം ശോകാത്മകമായ ഒരു പ്രേമകഥയായിത്തീരുന്നു. എന്തൊരു മധുരമയമായ ഭാഷ. സഖി, ഞാൻ ആ കഥയിലങ്ങു ലയിച്ച് അതിലെ നായികയായി മാറിപ്പോയി. ധനസമ്പാദനത്തിനായി കപ്പൽ കയറിയ ആ കാമുകൻ വർഷങ്ങൾ കഴിഞ്ഞിട്ടും മടങ്ങിയില്ല. അയ്യോ എന്തൊരു വിരഹ ദുഃഖം. ആ യൗവനം കത്തിജ്വലിച്ചു. അതു ശാന്തമായി. അവൾ പ്രൗഢയായി. എന്നിട്ടും അയാൾമടങ്ങിവന്നില്ല. ആ മുടിയിൽ നര ബാധിച്ചു. ആ കവിൾത്തടത്തിൽ ഞൊറികൾ വീണു. എന്നിട്ടും; എന്നിട്ടും ഹാവൂ ഞാൻ തളർന്നുപോയി. കഷ്ടപ്പെടുന്നവരുടെ കഥകൾ കേൾക്കുവാൻ കഷ്ടപ്പെടുന്നവർക്കേ രസം കാണുകയുള്ളു. എങ്കിലും ഞാൻ പറയട്ടെ, അവൾ കാത്തിരുന്ന സ്വന്ത കാമുകനോടുള്ള സ്നേഹത്തിൽ അവൾ ആ യൗവനം ഹോമിച്ചു. അങ്ങനെ കഷ്ടപ്പെട്ട് അവൾ മരിച്ചു. അടുത്ത ദിവസം ആ തീരത്തിൽ കപ്പലിലിറങ്ങിയ ഒരു സമ്പന്നൻ അവളെ തിരക്കി. അടുത്ത നാൾ ആ പ്രേമസമ്പന്നയുടെ ശ്മശാനത്തിൽ ഒരു ഭ്രാന്തൻ തങ്കനാണയങ്ങൾ നിരത്തുന്നതു കാണായി. അയ്യോ അതു വേണ്ടായിരുന്നു. ഒരു ദിവസംകൂടി അവൾക്കുജീവിക്കാൻ കഴിഞ്ഞില്ലല്ലോ. ഒരുനോക്കു കണ്ടിട്ട് — ചിരകാല പ്രാർത്ഥിതമായ ആശകൾ അങ്ങനെ അവസാനിച്ചു. ജീവിതം അതായിരിക്കാം. എനിക്കു തീരെ ഉറക്കം വന്നില്ല. ഒരു കൊച്ചു കാററ് ആ വെണ്ണിലാവിന് ചലനാത്മകമായ ഒരു സജീവത്വം നൽകി.

ഞാൻ എന്നെ മറന്ന് മറെറാരുലോകത്തിലേക്കു കടന്നു. ഉള്ളിൽനിന്നും അജ്ഞാതമായ ഒരു ചൂളംവിളി അവിരളം മുഴങ്ങിക്കൊണ്ടിരുന്നു. ഹൃദയത്തിൽ തരുതരിയുയർത്തുന്ന പ്രേരണകൾ. വ്യാഖ്യാനിക്കാൻകഴിയാത്ത ഒരു ശോകാത്മകത. എന്റെകണ്ണുകൾനിറഞ്ഞ് കവിൾത്തടങ്ങളിൽക്കൂടി ഒഴുകി. ഞാൻ കരയുകയാണെന്നു അപ്പോൾ മാത്രമേ എനിക്ക് അറിയാൻ കഴിഞ്ഞുള്ളു.

ഞാൻ എന്നെപ്പററിചിന്തിച്ചു. എന്തൊരേകാന്തത! കഷ്ടപ്പാടുകളും വറുതിയും മാത്രം. ആ പരിസരങ്ങൾക്ക് സൗന്ദര്യമില്ല. ആകർഷണീയതയില്ല. ഞാൻ ഒരു യുവതിയാണ്. പക്ഷെ എന്റെ യൗവനത്തിന് ചുററുപാടുകളെ ഉണർത്തുവാൻ ശക്തമായ പരിമളം ഇല്ല. ഞാൻ എന്തിനു ജീവിക്കുന്നു. ഓർമ്മകളിൽ മുഴുകി ഞാൻ അങ്ങിനെ വളരെനേരം ഇരുന്നുപോയി.

എന്റെചിന്തകൾ ആ ഗ്രന്ഥത്തിൽനിന്നും അതെനിക്കു നൽകിയ യുവാവിനെപ്പററിയായി. മി. മണിയെ നീയും അറിയും. ശാന്തനായ ഒരു യുവാവ്. ഞങ്ങൾപരിചയമായിട്ട് വളരെനാളായെങ്കിലും സംസാരിക്കുന്നത് അടുത്തദിവസം മാത്രമാണ്. ദിവസത്തിന്റെ അധികസമയവും പുസ്തകങ്ങൾ വായിക്കുകയാണ് അദ്ദേഹത്തിന്റെ ജോലി. ഈ വായനയിൽനിന്നെല്ലാം എന്തെങ്കിലും അദ്ദേഹം മനസ്സിലാക്കുന്നുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. ചോദിച്ചാൽ ഒന്നും പറയുകയില്ല. വായിക്കുവാനും വിഷാദിക്കുവാനും മാത്രമാണ് ജീവിതം എന്നുതോന്നും അദ്ദേഹത്തിന്റെ മട്ടുകണ്ടാൽ. പരമാർത്ഥംപറഞ്ഞാൽ ആ ദുഃഖഭാവമാണ് എന്നെ ഏററവും ആകർഷിച്ചത്. എന്തെങ്കിലും ചോദിച്ചാൽ വളരെ ചുരുങ്ങിയ ഒരു മറുപടിമാത്രം പറയും. സഖി, ആ വാക്കുകളുടെ വശ്യത. അദ്ദേഹം അനന്തമായി സംസാരിച്ചെങ്കിൽ അന്ന് ആ പുസ്തകം അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്നു. ഞാൻ അതിനെപ്പററി ചോദിച്ചപ്പോൾ "വായിച്ചുനോക്കൂ" എന്നുപറഞ്ഞ് എനിക്കു നൽകി. അതു ഞങ്ങളുടെ കഥതന്നെയാണോ! അയ്യോ! അങ്ങനെ ആകാതിരിക്കട്ടെ. പക്ഷെ അദ്ദേഹത്തിനുവേണ്ടി കാത്തിരിക്കുവാൻ എന്തൊരു സുഖമാണ്. അങ്ങനെ മരിക്കുവാൻപോലും.

ഞങ്ങൾ അതിൽപിന്നീട് കൂടെക്കൂടെ കാണുന്നുണ്ട്. എനിക്കൊരു സമാധാനവും ശാന്തിയും അനുഭവപ്പെടുന്നു. വെറുതെയിരിക്കുമ്പോൾ വായിക്കാൻ അദ്ദേഹം നല്ലപുസ്തകങ്ങൾ തരും. ഓരോദിവസവും പുതുതായി ഒന്നിനെപ്പററി പ്രതീക്ഷിക്കാനുണ്ട്.

ഇപ്പോൾ നിന്റെ മനസ്സിൽ ഉദിച്ചിട്ടുള്ള സംശയങ്ങൾ എനിക്ക് അറിയാം. ഞാൻ സത്യം പറയുകയാണ്. സാധാരണ യുവാക്കന്മാരെപ്പോലുള്ള ചാപല്യം അദ്ദേഹത്തിനില്ല. ഞാൻ നിർബന്ധിച്ചിട്ടുമാത്രമാണ് അദ്ദേഹം ഇവിടെ വരുന്നത്. വലിയ അപവാദഭീരു. എല്ലാം രഹസ്യമായിരിക്കണേ. നീ മേനകയ്ക്കും മററും എഴുതുമ്പോൾ ഇതിനെപ്പററി ഒന്നും സൂചിപ്പിക്കരുതേ

രുഗ്മിണി

പ്രിയപ്പെട്ട മാലതി,

രണ്ടു മാസത്തിനു ശേഷവും ഇത്ര ചെറിയ ഒരു കത്ത് അയയ്ക്കുന്നതിൽ പരിഭവിക്കരുതേ. നിന്റെ ജിജ്ഞാസയെ ശമിപ്പിക്കുവാനുള്ള വകയൊന്നും എനിക്കു തരുവാനില്ല. ഞങ്ങൾ അങ്ങിനെ കഴിയുന്നു. ഒരു ദൂരത്തിനിപ്പുറം അദ്ദേഹം വരുന്നുമില്ല. എന്തുകൊണ്ടോ. ആശകൾ നേർത്തു നേർത്തു വരുന്നു. ജീവിതം ഒരു പരീക്ഷണഘട്ടത്തെ തരണം ചെയ്യുകയാണ്. എല്ലാം പിന്നാലെ വിശദമായി അറിയിക്കാം.

നിന്റെ രുഗ്മിണി

സഖീ,

വിധി എന്ന് ഒന്നുണ്ടെന്ന് പലപ്പോഴും തോന്നിപ്പോകുന്നു. കാര്യകാരണബന്ധം അറിയാൻ കഴിയാത്തതുകൊണ്ടായിരിക്കാം. അടുത്ത കാലത്തെ ഒരു സംഭവം ഞാൻ പറയട്ടെ.

കിഴക്കേതിലെ ചെല്ലമ്മയുടെ വിവാഹം ഈയിടെ നടന്നു. അവളെയും ആ വീട്ടിലുള്ള എല്ലാവരേയുംപററി ഈ നാട്ടിൽ പ്രചരിച്ചിട്ടുള്ള കഥകൾ നിനക്കും അറിയാമല്ലോ. എന്നിട്ടും കാലമായപ്പോൾ അവൾക്ക് ഒരു ഭർത്താവിനെ കിട്ടി. വരനെപ്പററി അറിയുമ്പോൾ നീ ഒന്നു ഞെട്ടിപ്പോകാതിരിക്കുകയില്ല. ഒരു ലക്ഷത്തിലധികം രൂപയ്ക്കു സ്വത്തുള്ള സുന്ദരനായ ഒരു യുവാവ്! അതൊരു പ്രേമവിവാഹമാണെന്നു പറയുന്നു. എന്തായാലും പഴയ ജീവിതവും ദാരിദ്ര്യവും അവൾക്ക് കഴിഞ്ഞ ഒരു സ്വപ്നമാണ്. ഇന്ന് അവൾ മാന്യയായ ഒരു പ്രഭുപത്നി. സഹോദരീ, നമ്മോടൊരുമിച്ചു പഠിച്ച സുശീലകളായ എത്ര യുവതികൾ ഇന്നും അവിവാഹിതരായിനിൽക്കുന്നു. പണമില്ലാഞ്ഞിട്ടല്ല. ആഗ്രഹമില്ലാഞ്ഞിട്ടല്ല. അനുയോജ്യനായ ഒരു പുരുഷനെ ലഭിക്കാത്തതുകൊണ്ടുമാത്രം. എന്നിട്ടും ഇങ്ങനെ എത്ര വിവാഹങ്ങൾ നടക്കുന്നു. വാസ്തവത്തിൽ പഴയ ചില നിയമങ്ങൾ കാത്തുസൂക്ഷിക്കുന്നവരേക്കാൾ വിവാഹത്തിലേക്ക് കടക്കുന്നത് മിക്കപ്പോഴും ഇങ്ങനെയുള്ളവരാണ്.

സ്ത്രീയ്ക്കു ഒരു ഭർത്താവിനെ അന്വേഷിക്കേണ്ടത് അവളുടെ കൺകോണുകളും വികാരവുമാണ്. കുടുംബക്കാരെന്നു ഭാവിക്കുന്നവർ അതു പാവപ്പെട്ട രക്ഷകർത്താക്കളെ ഏല്പിച്ച് ലജ്ജയും അച്ചടക്കവും അഭിനയിച്ച് വിധിക്കു കീഴടങ്ങുന്നു. ഇത്ര നിസ്സാരമായ കാര്യമാണോ? പുരുഷന് വിവാഹം ഒരു പുതിയ ഘട്ടം മാത്രമായിരിക്കുമ്പോൾ സ്ത്രീയ്ക്കു അതു അവളുടെ ജീവിതം തന്നെയാണ്. നമ്മുടെ സ്വത്ത്, ജീവിതരീതി സുഖം എല്ലാം ആ ഒരു നിമിഷത്തെ ആശ്രയിച്ചിരിക്കുന്നു. ഇന്നലെവരെ ദരിദ്രയായ ഒരുവൾ ഒരു വരണമാല കഴുത്തിൽ വീഴുന്ന ദിവസം മുതൽ സമ്പന്നയാകാം. അതുപോലെ മറിച്ചും. കഷ്ടം! സഹോദരി, നമ്മുടെ എല്ലാം ജീവിതം ഒരു ലോട്ടറിടിക്കററാണ്. നാളെ അതിന് അമ്പതിനായിരമോ അറുപതിനായിരമോ വിലവരാം. ആ നിശ്ചിതദിവസത്തിനുശേഷം അത് ഒന്നിനും കൊള്ളാത്ത ഒരു കടലാസു തുണ്ടാകാനും മതി. ഒരു വീട്ടിൽ ജനിച്ച് ഒരേ മട്ടിൽ വളർന്ന രണ്ടു സഹോദരികൾ തന്നെ ജീവിതത്തിന്റെ ഭിന്ന കോടികളിലേക്കു മാറുന്ന കാഴ്ച നാം നിയമേന കാണുന്നതല്ലേ? അജ്ഞാതനായ ഒരു വ്യക്തിയുടെ കൈയിൽ സർവ്വഭാഗധേയങ്ങളും അർപ്പിച്ച് കാത്തിരിക്കുവാൻ സ്ത്രീയ്ക്കു വിധിയെഴുതിയ ആദിമനുഷ്യൻ നമ്മുടെ വർഗ്ഗത്തോട് എന്തൊരു കടുംകൈയാണ് പ്രവർത്തിച്ചത്. ഇതു മാററിക്കൂടാത്തതാണോ? എങ്കിലും പ്രായോഗികമായി ഒന്നും ചെയ്യുവാൻ നമുക്കു കഴിയുന്നില്ലെന്നു സമ്മതിക്കണം. സാഹചര്യങ്ങൾ അതു സാധിച്ചുകൊള്ളുമെന്നാശിക്കാം.

സ്വന്തം രുഗ്മിണി

സഹോദരീ,

പരിഭവം കലർന്ന നിന്റെ കത്തുകിട്ടി. ഓ! ഞാൻ അതിനെപ്പററി ആ എഴുത്തിൽ ഒന്നു പറഞ്ഞിരുന്നില്ല അല്ലെ? അതിന് ആ കത്തിലെ എന്റെ നിഗമനങ്ങളെല്ലാം എന്റെ കഥയോട് ഏച്ചുകെട്ടിക്കളഞ്ഞു. അവനവനിൽനിന്നു മനുഷ്യൻ ഒന്നും മനസ്സിലാക്കുന്നില്ലെന്നുള്ള പരമാർത്ഥം നീ മറന്നുകളഞ്ഞു. പുരുഷനെ ആകർഷിക്കുവാനുള്ളകഴിവ് അതിൽപരിചയിച്ചവർക്ക് സ്വാഭാവികമായി ഉണ്ടാകുമെന്നേ ഞാൻ പറഞ്ഞുള്ളു. അതിലെല്ലാം എനിക്ക് എന്താണുകാര്യം.

അദ്ദേഹം ഇപ്പോൾ തിരുവനന്തപുരത്താണ്. ഒരു ചെറിയ ജോലിയുമുണ്ട്. ശമ്പളം കഷ്ടിച്ചു ചെലവിനുമാത്രമേയുള്ളുവെന്ന് എഴുതിയിരിക്കുന്നു. കൂടെക്കൂടെ കത്തു കിട്ടാറുണ്ട്. നിനക്ക് പലതും ഊഹിക്കുവാൻ കഴിയുന്ന ഒരു ഭാഗം ഞാൻ ആ എഴുത്തുകളിൽ ഒന്നിൽനിന്ന് ഉദ്ധരിക്കാം. "വിവാഹം വലിയ പണംമുടക്ക് ആവശ്യമുള്ള ഒരു വ്യവസായമാണ്. സമുദായം അതിനെ അങ്ങിനെ ആക്കിത്തീർത്തു. ഒരു വലിയ ഭൂരിപക്ഷത്തിന് ഇന്ന് അതു ഏറെറടുക്കുവാൻ കഴിവില്ല. ഒന്നുകിൽ ധനം അല്ലെങ്കിൽ വിവരക്കേട് രണ്ടിലൊന്നില്ലാതെ അതിൽ ചാടുവാൻ ആർക്കും സാധിക്കയില്ല. നാം അങ്ങിനെ നിർഭാഗ്യരായിപ്പോയി!! ഇതുപോലെ പോകുന്നു ആ അഭിപ്രായഗതി. ഞാൻ ഒന്നിനും നിർബന്ധിക്കുന്നില്ല. ഭാവിയെപ്പററി ഇങ്ങനെ ഭീരുവായാലോ? എങ്കിലും അതൊരു ബലഹീനതയാണെന്നു പറഞ്ഞുകൂടാ"

നിന്റെ രുഗ്മിണി.

മിത്രമേ,

കാമുകൻ എന്നുവച്ചാൽ സ്നേഹത്തെചൂഷണംചെയ്യുന്നവൻ എന്നാണ് അർത്ഥം. അതിൽ അത്ഭുതപ്പെടുവാനില്ല. സ്ത്രീയുടേയും പുരുഷന്റെയും ആവശ്യങ്ങൾതമ്മിൽ അത്ര അന്തരമുണ്ട്. പുരുഷൻ പ്രേമബന്ധത്തിലൂടെ തന്റെ ഏകാന്തതക്ക് പരിഹാരംനേടുവാൻ ഒരു കൂട്ടുകാരിയെതേടുമ്പോൾ സ്ത്രീ അവളുടെ ജീവിതത്തിന്റെ ഭാരം ഇറക്കുവാൻ ഒരത്താണി അന്വേഷിക്കുകയാണ്. സഖീ, ആ കത്തുകളിൽഇന്നു വികാരമില്ല. അദ്ദേഹം എന്റെ കഴു

(ശേഷം 9-ാംപേജിൽ)

കുറ്റിപ്പുഴ കൃഷ്ണപിള്ള

# യവനദാർശനികർ

II

## ഹെറാക്ലിറ്റസും ഡെമോക്രീറ്റസും

ഹെറാക്ലിറ്റസ് (ബി. സി. 535—475)

എല്ലാം എപ്പോഴും ചലനാവസ്ഥയിൽ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു; പരിണാമമാണ് പ്രകൃതിസ്വഭാവം എന്നുള്ള ശാസ്ത്രസത്യത്തിലേക്ക ആദ്യമായി വഴികാണിച്ച സൂക്ഷ്മദൃക്കായ പണ്ഡിതൻ ഹെറാക്ലിറ്റസാകുന്നു. അദ്ദേഹത്തിന്റെ തത്വചിന്ത ഈയൊരു സത്യത്തെ ലക്ഷീകരിച്ചുകൊണ്ടാണ് സിദ്ധാന്തരൂപത്തിലെത്തിയതു്. ഒന്നിനും ഒരിടത്തും സ്ഥിരമായ സ്ഥിതിയില്ല; ശാശ്വതത്വം മനസ്സിന്റെ ഒരു ഭ്രമം മാത്രമാണ് എന്ന് അദ്ദേഹം കണ്ടു. പ്രകൃതിയുടെ മൂലതത്വമായി ഹെറാക്ലിറ്റസ് ഈ അനവരതചലനസ്വഭാവത്തെ ചൂണ്ടിക്കാണിച്ചു. അഗ്നിജ്വലനത്തിൽ ഒരവിശ്രമചലനം നാം കാണുന്നില്ലേ? അതുപോലെയാണ് വാസ്തവത്തിൽ എല്ലാ വസ്തുക്കളും സൂക്ഷ്മരൂപത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് അദ്ദേഹം വിശ്വസിച്ചു. പ്രസ്തുതാശയത്തിന് ഒരു മൂർത്തരൂപം കൊടുക്കുവാൻ വേണ്ടി അഗ്നിയെയാണ് അദ്ദേഹം ഉദാഹരണമാക്കിയതു്. അങ്ങിനെ എല്ലാ വസ്തുക്കളിലും അന്തർഭവിച്ചിരിക്കുന്നതു് ഒരു അഗ്നിതത്വം (Fire-principle) ആണെന്നസിദ്ധാന്തം സ്ഥാപിതമായി. ഈവഴിക്ക്, അഗ്നിജലമായും ജലം പൃഥ്വിയായും പരിണമിക്കുകയും, വീണ്ടും ഓരോന്നും പൂർവ്വരൂപത്തിലെത്തുകയും ചെയ്യുന്നു എന്നും മറ്റുമുള്ള വിചിത്രവിചാരഗതിയിൽ ഈ ചിന്തകൻ ചുറ്റിക്കറങ്ങുന്നുണ്ടു്. എന്നാൽ ഇതിനൊന്നിനും ശരിയായ ഉപപത്തി കാണിക്കുവാൻ അദ്ദേഹം ശ്രമിച്ചിട്ടില്ല. സൃഷ്ടി സംഹാരത്തിനും സംഹാരം സൃഷ്ടിക്കും മാർഗ്ഗം തുറക്കുന്നു. ഭാവപ്രതിഭാവങ്ങളുടെ അല്ലെങ്കിൽ വിരുദ്ധഭാവങ്ങളുടെ സമ്മേളനവും സംഘട്ടനവും ഏകത്ര കാണാം. ഓരോന്നിലും നടക്കുന്ന ഈ സംഘട്ടനത്തിന്റെ ഫലമായിട്ടാണ് മാറ്റം ഉണ്ടാകുന്നതു്. പ്രപഞ്ചത്തെ ഭരിക്കുന്നതു് മത്സരശക്തിയാണ് (strife) സകലത്തിന്റെയും ജീവൻ അതുതന്നെ എതിർപ്പ് എന്നൊന്നില്ലെങ്കിൽ ഈ ലോകം നശിച്ചുപോകും. നന്മ, തിന്മ, ജനനം, മരണം, ജാഗരണം, സുഷുപ്തി, യൌവനം, വാർദ്ധക്യം മുതലായ ദ്വന്ദ്വങ്ങളെല്ലാം സൂക്ഷ്മത്തിൽ ഒന്നുതന്നെ. എന്തെന്നാൽ പൂർവ്വങ്ങളുടെ പരിണാമങ്ങളാണ് അപരങ്ങൾ. അതുപോലെ നേരെമറിച്ചും. അനവരതപരിണാമപ്രവാഹംകൊണ്ടു് ഓരോന്നിലും ഭാവാഭാവങ്ങൾ ഒരുമിച്ചിരിക്കുന്നു. അതായതു് ഒരു വസ്തു ഒരു വിധമാണെന്ന് വ്യവഹരിക്കുന്ന സമയത്തുതന്നെ അതു് അപ്രകാരം അല്ലാതേയും ആകുന്നു. ഈ മാതിരി ഗഹനങ്ങളായ തത്വവിചാരങ്ങളും ഹെറാക്ലിറ്റസിന്റെ സിദ്ധാന്തത്തിൽ വ്യാകീർണ്ണങ്ങളായിട്ടുണ്ടു്. പത്തൊൻപതാം നൂറ്റാണ്ടിൽ കാറൽമാർക്സ് യുക്തിപൂർവ്വം ശാസ്ത്രീയമായി സ്ഥാപിച്ച ഭുവനപ്രഥിതമായ "വൈരുദ്ധ്യവാദ"ത്തിന്റെ (Dialectics) ഒരവ്യക്തരൂപമാണ് ഇവിടെ കാണുന്നതു്. യുക്ത്യനുഭവങ്ങളുടെ വെളിച്ചത്തിൽ ഇന്നും ശരിയെന്നു സമ്മതിക്കപ്പെട്ടിരിക്കുന്ന ഈ പ്രകൃതിതത്വത്തിന്റെ കിരണാങ്കുരങ്ങൾ ഇരുപത്തഞ്ചു് നൂറ്റാണ്ടിനുമുമ്പുതന്നെ കണ്ടുപിടിച്ച ഈ ചിന്തകൻ എന്നെന്നും സ്മരണീയനല്ലെ? അതുമാത്രമൊ? ഡാർവിൻ സ്ഥാപിച്ച പരിണാമവാദത്തിന്റെ ആദിരൂപവും പ്രസ്തുതസിദ്ധാന്തത്തിൽ പ്രതിഫലിച്ചിരിക്കുന്നതു നോക്കുക!

ഡെമോക്രീറ്റസ്. (ബി. സി. 460—370)

ലോകത്തിൽ ആദ്യമായി അണുസിദ്ധാന്തം അവതരിപ്പിച്ച തത്വചിന്തകനാണ് ഡെമോക്രീറ്റസ്. ല്യൂസിപ്പസ് എന്നൊരു ചിന്തകൻ കൂടെ ഈ നിലയിൽ ഗണനീയനായിട്ടുണ്ടെങ്കിലും അദ്ദേഹത്തെപ്പറ്റി അധികമൊന്നും ചരിത്രകാരന്മാർക്കറിഞ്ഞുകൂടാ. ഇന്നത്തെ പദാർത്ഥവിജ്ഞാനീയത്തിൽ അണുസിദ്ധാന്തം എത്രമാത്രം പ്രാധാന്യം അർഹിക്കുന്നുണ്ടെന്നു് "ആറ്റംബോംബ്" തെളിയിക്കുന്നുണ്ടല്ലൊ. ആധുനികശാസ്ത്രമണ്ഡലത്തിൽ സർവ്വപ്രാമാണ്യം നേടിയിരിക്കുന്ന ഈ അണുവിന്റെ രഹസ്യം വിജ്ഞാനത്തിന്റെ ആ ശൈശവനിലയിൽ അത്രത്തോളമെങ്കിലും കണ്ടുപിടിച്ച പണ്ഡിതന്റെ ദീർഘദർശിത്വം വിസ്മയാവഹമല്ലെ? ഈ നിലയിലാണ് ഡെമോക്രീറ്റസ് ശാസ്ത്രലോകത്തിൽ അദ്വിതീയ സ്മർത്തവ്യനായിരിക്കുന്നതു്. പ്രപഞ്ചം സ്ഥൂലദൃഷ്ടിക്ക് അദൃശ്യങ്ങളായ അണുക്കളെക്കൊണ്ടു് സംഘടിതമാണെന്നും അവയെല്ലാം സദാപി പ്രേതചലനത്തിലേർപ്പെട്ടിരിക്കയാണെന്നും, അദ്ദേഹം വെളിപ്പെടുത്തി. ഏതൻസ് നഗരത്തിലെ പണ്ഡിതന്മാരിൽ അധികംപേർക്കും ഇതു് സ്വീകാര്യമായിത്തോന്നിയില്ല. സോക്രട്ടീസും പ്ലേറ്റോവും ഇതിനെ എതിർക്കുകയാണ് ചെയ്തതു്. ഡെമോക്രീറ്റസിന്റെ ഗ്രന്ഥങ്ങൾ ചുട്ടുകളയണമെന്നുകൂടി പ്ലേറ്റോ പറയുകയുണ്ടായി. പണ്ഡിതന്മാർ പോലും ഇരുട്ടിൽ തപ്പിത്തടഞ്ഞു് വഴിതെറ്റിപ്പോകുമെന്നതിന് ഇതൊരുദാഹരണമത്രെ. അരിസ്റ്റോട്ടൽ ഡെമോക്രീറ്റസ്സിനെ ബഹുമാനിച്ചിരുന്നു എങ്കിലും അണുവാദം അബദ്ധമാണെന്നു തന്നെ അദ്ദേഹം തീരുമാനിച്ചു. പിന്നീട് എപ്പിക്യൂറസ് തുടങ്ങിയ ചില ഭൌതികവാദികൾ അണുസിദ്ധാന്തം ഉദ്ധരിക്കുവാൻ ശ്രമിച്ചെങ്കിലും അത്ര ഫലപ്പെട്ടില്ല. ഇങ്ങനെ വിഗണിക്കപ്പെട്ട് അനർഘമായ ഈ വിജ്ഞാനപേടകം ആയിരത്തഞ്ഞൂറു വർഷങ്ങളോളം ആർക്കുംവേണ്ടാതെ വിസ്മൃതികോടിയിൽ കിടന്നു. പതിനാറാം നൂറ്റാണ്ടിൽ മാത്രമേ വീണ്ടും അതു തുറന്നു നോക്കുവാൻ ശാസ്ത്രജ്ഞന്മാർ മുതിർന്നുള്ളു. മനുഷ്യന്റെ വിജ്ഞാനപുരോഗമനം എത്രമാത്രം മന്ദഗതിയിലാണെന്നും അതെങ്ങനെയെല്ലാം തടയപ്പെട്ടുപോകുന്നെന്നും ഇതിൽ നിന്നു മനസ്സിലാക്കാം. സ്വതന്ത്രചിന്തകനായ ഒരു ഭൌതികവാദി എന്ന നിലയിലും ഡെമോക്രീറ്റസിന് ഉന്നതമായ ഒരു സ്ഥാനമുണ്ടു്. സോക്രട്ടീസിന്റെ സമകാലികനായിരുന്നെങ്കിലും മറ്റു പണ്ഡിതന്മാരെപ്പോലെ തന്റെ മനസ്സ് തന്മതാനുബദ്ധമാകാൻ അദ്ദേഹം അനുവദിച്ചില്ല. സ്വതന്ത്രമായി ചിന്തിച്ച് എല്ലാവിഷയങ്ങളിലും സ്വമതം സ്ഥാപിക്കുവാൻ അദ്ദേഹത്തിനു ധൈര്യമുണ്ടായി. ഡെമോക്രീറ്റസ്സിന്റെ ജീവിതചിന്തയെ ആസ്പദമാക്കിയാണ് അനന്തരഗാമിയായ എപ്പിക്യൂറസ് തന്റെ സുപ്രസിദ്ധമായ ഭൌതികവാദം കെട്ടിപ്പടുത്തതു്. സന്തുഷ്ടിയാണ് പരമമായ നന്മ (Delight or good cheer is the ultimate good) എന്ന് ഡെമോക്രീറ്റസ് വാദിച്ചു. അഭിലാഷങ്ങളെ നിയന്ത്രിക്കുക, മനസ്സിനെ കഴിയുന്നിടത്തോളം ശാന്താവസ്ഥയിൽ വച്ചുകൊണ്ടിരിക്കുക, ഇത്യാദ്യുപായങ്ങൾ കൊണ്ടു ജീവിതസന്തോഷം സമ്പാദിക്കാമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. സന്തുഷ്ടിക്കുവേണ്ടി വിഷയസുഖങ്ങളുടെ പിന്നാലെ ഓടിക്കൊണ്ടിരിക്കണമെന്ന് ഡെമോക്രീറ്റസ് ഒരിക്കലും ഉപദേശിച്ചിട്ടില്ല. എന്നുമാത്രമല്ല, ശാരീരികമായ സുഖത്തേക്കാൾ മനസ്സുഖത്തിനാണ് അദ്ദേഹം പ്രാധാന്യം കൽപ്പിച്ചതു്. യുക്തിവിചാരംകൊണ്ടു് യഥാർത്ഥമായ പ്രപഞ്ചബോധം ഉണ്ടാകണമെന്നും അങ്ങനെ ജ്ഞാനപ്രകാശത്തിൽ മനസ്സു തെളിഞ്ഞാൽ അതുകൊണ്ടു തന്നെ മരണഭീതി തുടങ്ങിയ ജീവിതബാധകളിൽ നിന്നും മോചനം നേടാമെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. ഇങ്ങനെ സയൻസിലും തത്വജ്ഞാനത്തിലും അദൃഷ്ടപൂർവ്വങ്ങളായ വിചാരപദ്ധതികൾ അവതരിപ്പിച്ച ഈ ചിന്തകനെപ്പറ്റി പ്രത്യേകം പഠിച്ചെഴുതിയുണ്ടാക്കിയ പ്രബന്ധമാണ് കാറൽമാക്സ് തന്റെ "ഡാക്ടറേറ്റ്" ബിരുദം നേടാനായി സമർപ്പിച്ചിരുന്നതെന്നുകൂടി ഈയവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.


## അഭയാർത്ഥി

പുത്തൂർ നാരായണൻനായരുടെ ഏഴു ചെറുകഥകൾ.

വില 1 ക. 4 ണ.

ആഗസ്റ്റ് 9-ന് പ്രസിദ്ധപ്പെടുത്തി.

ആവശ്യപ്പെടുക:—
കമലാലയബുക്ക്ഡിപ്പോ
തിരുവനന്തപുരം

## രക്ഷാകേന്ദ്രം

## ശശാങ്ക

മൂത്രാശയരോഗങ്ങൾ പിടിപെട്ടു യാതൊന്നുകൊണ്ടും ആശ്വാസം കാണാതെ പരവശപ്പെട്ടു വലയുന്ന സഹോദരീസഹോദരന്മാർക്കു പൂർണ്ണാശ്വാസപ്രദമായ ഒരേ ഒരു രക്ഷാകേന്ദ്രമാണ്. സ്ഖലനം, പഴുപ്പുപോക്ക്, പ്രമേഹം മൂത്രച്ചുടിച്ചിൽ, മൂത്രത്തിലുള്ള അടിവ്, (കല്ക്കൽ) വയറെരിച്ചിൽ, അസ്ഥിസ്രാവം, (വെള്ളപോക്ക്) രക്തംപോക്ക് ഇവകൾക്കും ഉഷ്ണസംബന്ധമായ രോഗങ്ങൾ 4ക്കും ഒരുപോലെ ആശ്വാസകരം. 2 നേരത്തേക്കുള്ള പാക്കറ്റൊന്നിന് വില രൂപാ 3. പാക്കിംഗ് പോസ്റ്റേജ് അഞ്ചലിൽ എട്ടണ. തപാലിൽ ഒരു രൂപാ.

വിജയാ ഫാർമസി,

H. O. തട്ടാരമ്പലം. A. O. മാവേലിക്കര—തിരുവിതാംകൂർ.

എ. ബാലകൃഷ്ണപിള്ള

# നമ്മുടെ സാഹിത്യനിരൂപണം

III

ലോകത്തിലെ അഗ്രഗണ്യരായ കലാകാരരുടെ മുന്നണിൽ നിൽക്കുന്ന അത്ഭുതമനുഷ്യനായ മിക്കലാഞ്ജെലൊ എന്ന ഇത്താലിയൻ മഹാശില്പി അല്പം ചിത്രങ്ങൾ മാത്രമേ രചിച്ചിട്ടുള്ളുവെങ്കിലും, ലോകത്തിലെ മഹാചിത്രകാരരുടെ ഇടയ്ക്കു് ഒരു അനന്യസദൃശമായ സ്ഥാനം നേടുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇതിനു കാരണമെന്തു്? പ്രതിമാശില്പിയായി ചിന്തിച്ചു് ചിത്രകാരനായി പടം വരച്ചതാണു് ഇതിനു കാരണം. ഇതുപോലെയാണു് മഹാന്മാരായ ശക്തിസാഹിത്യകാരരുടെയും, മഹാന്മാരായ സാഹിത്യനിരൂപകരുടെയും കഥ. ജീവിതകലാകാരരായി ചിന്തിച്ചു് ഒരു സുന്ദരകലയായ സാഹിത്യം രചിക്കുകയോ, സാഹിത്യനിരൂപണം നടത്തുകയോ ആണു് ഇവർ ചെയ്തുവരുന്നതു്.

ഇന്നത്തെ ഭാഷാസാഹിത്യനിരൂപണത്തിന്റെ ഒരു വിഹഗവീക്ഷണം മാത്രം അടങ്ങിയ ഈ ലേഖനം അവസാനിപ്പിക്കുന്നതിനു മുൻപു് അതിൽ ഉണ്ടായിട്ടുള്ള ഒരു പ്രധാന സംഭവത്തെക്കുറിച്ചു് രണ്ടു വാക്കു കൂടി പറഞ്ഞുകൊള്ളട്ടെ. ശ്രീ മുണ്ടശ്ശേരി തന്റെ "കാവ്യപീഠിക" പ്രസിദ്ധപ്പെടുത്തിയതാണു് ഈ സംഭവം. ഇന്നത്തെ ലോകസ്ഥിതി നിമിത്തം ദേശ്യസാഹിത്യങ്ങൾക്കു് വിശ്വസാഹിത്യത്തിന്റെ ഗതിയിൽനിന്നു് — പ്രത്യേകിച്ചു് ഇന്നത്തെ വിശ്വസാഹിത്യത്തിനു് ആധുനികറഷ്യൻസാഹിത്യം നൽകിയിട്ടുള്ള മുദ്രയിൽനിന്നു്—ഒഴിഞ്ഞുനിൽക്കുവാൻ സാധിക്കാതെ വന്നിരിക്കുന്നു. പണ്ടത്തെ യഹൂദവർഗ്ഗത്തെപ്പോലെ, തങ്ങൾ ദൈവത്തിന്റെ വിശിഷ്ടസൃഷ്ടികളാണെന്നു്, ഇന്നത്തെ ഭാരതീയർ അതിരുകടന്നതും, നിയന്ത്രിച്ചില്ലെങ്കിൽ, ഫാഷിസത്തിൽ ചെന്നവസാനിക്കുന്നതുമായ ദേശീയത്വം മൂലം വിചാരിച്ചുവരുന്നു. തന്നിമിത്തം മററു രാജ്യക്കാരെ അപേക്ഷിച്ചു തങ്ങളുടെ സകലതിനും—കലയ്ക്കും, സാഹിത്യത്തിനും, തത്വജ്ഞാനത്തിനും, ജീവിതരീതിയ്ക്കും മററും—കൊമ്പും തുമ്പിക്കൈയുമുണ്ടെന്നാണു് ഇവരുടെ ധാരണ. ഇതിനുള്ള അടിസ്ഥാനങ്ങളെ ഇന്നത്തെ നിഷ്പക്ഷരായ ഗവേഷകർ തട്ടിത്തകർത്തു വരുന്നതു് ഇവർ കാണുന്നതേയില്ല. ഈ ധാരണമൂലം, എത്ര നല്ലതായാലും ശരി, വിദേശിസാഹിത്യമെന്നു കേൾക്കുമ്പോൾ, ഇവർക്കു് ഓക്കാനം തോന്നാറുണ്ടു്. ഈ ഓക്കാനം ജീവനുള്ള ഒരു സാഹിത്യത്തിന്റെ ഗർഭലക്ഷണമല്ല, പിന്നെയോ, ഗതിയനുസരിച്ചു (ദേശീയാഭിരുചിയ്ക്കനുസരണമായ അല്പസ്വല്പവ്യത്യാസങ്ങൾ സഹിതം) ഒഴുകുവാൻ ഭാരതീയസാഹിത്യനദിയ്ക്കു് ഒരു തടസ്സമായി ഭവിച്ചിരിക്കുന്നു. ഭാഷാസാഹിത്യത്തെ സംബന്ധിച്ചു ഈ ഓക്കാനം മാററുവാനാണു് ഭിഷഗ്വരനായ ശ്രീ മുണ്ടശ്ശേരി തന്റെ വിശിഷ്ടഗർഭരക്ഷാഗുളികയായ "കാവ്യപീഠിക" മുഖേന ശ്രമിച്ചിരിക്കുന്നതു്. ഇന്നത്തെ ഗണനീയരായ ഭാഷാസാഹിത്യനിരൂപകരുടെ മുന്നണിയിൽ നിൽക്കുന്ന ശ്രീ എം. പി. പോൾ തുടങ്ങിയിട്ടു് അപൂർണ്ണമായി ഇട്ടുകളഞ്ഞ ഒരു തരം നിരൂപണസരണി എടുത്തു് അതു പൂർത്തിയാക്കുന്ന ജോലി ഭംഗിയായി നിർവ്വഹിക്കുകയാണു് പ്രസ്തുത കൃതിയിൽ ശ്രീ മുണ്ടശ്ശേരി ചെയ്തിട്ടുള്ളതു്. മുകളിൽ പ്രസ്താവിച്ച കലാലാവണ്യനിയമസംഹിത പാശ്ചാത്യക്കും പൗരസ്ത്യക്കും പ്രായേണ ഒന്നുതന്നെയാണെന്നും, ഭാരതീയസാഹിത്യനിയമങ്ങൾക്കു വിശേഷമായ കൊമ്പും തുമ്പിക്കയ്യുമൊന്നുമില്ലെന്നും അദ്ദേഹം ഈ കൃതിയിൽ സ്ഥാപിച്ചിട്ടുണ്ടു്. തന്നിമിത്തം ഇതിന്റെ പ്രസിദ്ധീകരണം ഭാഷാസാഹിത്യനിരൂപണത്തിന്റെ ഗതിയിൽ ഒരു മൈൽക്കുററിയായി ഭവിക്കയും ചെയ്തിരിക്കുന്നു.

യുഗാത്മകനിരൂപണത്തിൽ സൗന്ദര്യഘടകത്തിന്റെ പരിഗണനമല്ല, പിന്നെയോ, അതാതു യുഗത്തിലെ സമുദായജീവിതത്തിനു പ്രയോജനകരമായിത്തീരുന്ന ഘടകത്തിന്റെ അതായതു്, ശക്തിഘടകത്തിന്റെ പരിഗണനയാണു പൊന്തിച്ചു നിൽക്കുന്നതു്. അലക്സാണ്ടർ മഹാന്റെ കാലത്തിനു മുമ്പുള്ള ഗ്രീക്കു കലാകൃതികളുടെ മാഹാത്മ്യം ഹോംസ് വാഴ്ത്തിയിട്ടുള്ളതു് മുകളിൽ ഉദ്ധരിച്ചിരുന്നല്ലോ. ഇക്കാലത്തെ ഗ്രീക്കു് കലാകാരരുടെയും നിരൂപകരുടെയും വീക്ഷണകോടിയെ അഭിജ്ഞനായ ഇന്നത്തെ ഒരു നിരൂപകൻ വിശദീകരിച്ചിട്ടുള്ളതു് ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു; "ബി. സി. അഞ്ചാംശതാബ്ദത്തിലെ ഗ്രീക്കുകാർ നമ്മെപ്പോലെ പ്രായോഗികജീവിതത്തിൽനിന്നു് അകന്നുനിൽക്കുന്നവരായിരുന്നില്ല. അവർ നമ്മെപ്പോലെ ദൈനംദിനജീവിതത്തിൽ നിന്നു് അകന്നുനിന്നുകൊണ്ടു് അതിനെ നിരീക്ഷിക്കുന്നവരുമായിരുന്നില്ല. ജീവിതത്തിൽനിന്നു് അകലെയുള്ള ഒരു പ്രത്യേകലോകം! മഞ്ഞുകട്ടികൾ കൊണ്ടു നിർമ്മിച്ച ഗുഹകളടങ്ങിയ പ്രകാശമേറിയ ഒരു കേളിമണ്ഡലം; സൃഷ്ടിക്കുന്നതിനാണു് നാം ഇന്നു കലയെ ഉപയോഗിക്കുന്നതു്. വിശ്രമാർത്ഥം ഇതിനെ നാം അഭയംപ്രാപിച്ചു വരുന്നുമുണ്ടു്. എന്നാൽ അവരുടെ പോക്കു് വർത്തമാനകാലജീവിതത്തിനോടു സകലതിനേയും ബന്ധപ്പെടുത്തുന്നതിലേയ്ക്കായിരുന്നു. ധാന്യം പഴുത്തു നിൽക്കുന്ന ഒരു പാടമോ, അടുക്കി കൂട്ടിയിട്ടുള്ള കററകളോ, ജീവിതമത്സരത്തിൽ നിന്നു സ്വതന്ത്രരായിട്ടുള്ളവരുടെ ദൃഷ്ടിയിൽ, കലാലാവണ്യാത്മകമായ നിരീക്ഷണത്തിനു പററിയ ഒന്നു്, ഉപാധികളെന്യേ സൗന്ദര്യാത്മകമായ ഒന്നു്, ആയിതോന്നുമായിരിക്കാം. എന്നാൽ ഒരു ഗ്രീക്കുകാരനെ സംബന്ധിച്ചിടത്തോളം, അതിന്റെ ലാവണ്യം—അങ്ങനെ ഒരു ഗുണം അതിനുണ്ടെങ്കിൽ തന്നെ—അതിന്റെ പ്രയോജനത്തിലാണു് സ്ഥിതിചെയ്യുന്നതു്. മനുഷ്യരെ വിശപ്പിൽ നിന്നു രക്ഷിച്ചു അവരുടെ ശക്തി വർദ്ധിപ്പിക്കുന്നതിനു ഉപകരിക്കുന്ന ഒന്നായി അയാൾ അതിനെ ദർശിച്ചിരുന്നു. അതിനെക്കുറിച്ചുള്ള അയാളുടെ മററു വികാരങ്ങൾക്കു് കലാസൗന്ദര്യപരമായ സ്വഭാവത്തേക്കാളധികം മതപരമായ സ്വഭാവമാണുണ്ടായിരുന്നതും. തന്നിമിത്തം ഗ്രീക്കുകാരുടെ ദൃഷ്ടിയിൽ പ്രയോജനവും, അടുക്കം, പ്രസന്നതയുമുള്ളവയാണു, ദൈനംദിനജീവിതത്തിലെ അത്യാവശ്യസാധനങ്ങളോടു് ഗാഢബന്ധങ്ങളുള്ള സമുദായമൂല്യങ്ങളാണു്, കലാലാവണ്യം തികഞ്ഞവയായി ഭവിച്ചിരുന്നതും." യുഗാത്മകനിരൂപണത്തിൽ പ്രാചീനഗ്രീക്കുകാരുടെ ഈ സമുദായവീക്ഷണകോടിയാണു് പൊന്തിച്ചു നിൽക്കുന്നതു്.

—

## നോവൽപംക്തി

# ഐവാൻനിക്കുലിൻ

### മുറിഞ്ഞുപോയവഴി

വേഗതയുടെ കൂടുതൽ നിക്ക്ലിനെ അനുസ്മരിപ്പിച്ചതു് ഒരു ടോർപ്പിഡോബോട്ടിനെയാണു്. ഭാരിച്ച ആ എൻജിൻ പാളങ്ങളിൽ തൊടാതെ പറക്കുകയാണെന്നു് തോന്നി.

ബന്ധം മുറിഞ്ഞുപോയതിന്റെ കാരണം വഴിക്കുവെച്ചു് വ്യക്തമായി. വഴിക്കുള്ള കമ്പിത്തൂണുകൾ എല്ലാം വെട്ടിമുറിച്ചിരിക്കുന്നു. ജർമ്മൻ പാരച്യൂട്ടുഭടന്മാർ അവരുടെ ജോലി നിർവ്വഹിച്ചിട്ടുണ്ടെന്നു് നിക്ക്ലിനു് മനസ്സിലായി.

വഴിക്കു് കണ്ട ഒരു സ്റ്റേഷനിൽ നിന്നു് വിവരമൊന്നും കിട്ടിയില്ല. കുറെക്കൂടി ചെന്നപ്പോൾ ഗാങ്ങ് കൂലിക്കാരുടെ ഒരു താമസസ്ഥലം കണ്ടു. അതിൽനിന്നു് ചുവന്ന കൊടിയുമായി ഒരാൾ പുറത്തുവന്നു. വണ്ടിനിറുത്തി. അയാളിൽ നിന്നു ജർമ്മൻകാർ പത്തുപതിനഞ്ചു മൈൽ വടക്കെത്തിയിട്ടുണ്ടെന്നു് അറിവു കിട്ടി. ജോലിക്കാരെല്ലാം പോയി കഴിഞ്ഞിരിക്കുന്നു. ഭാര്യയും മൂന്നു കുട്ടികളും ഉള്ള അയാൾക്കു് അങ്ങിനെ പോകാൻ കഴിഞ്ഞില്ല.

പിന്നെയുള്ള യാത്ര സാവധാനത്തിലായിരുന്നു. ഏതു സമയവും വണ്ടിനിറുത്തി പുറകോട്ടോടിക്കാൻ അവർ തയാറായി. നിക്കുലിൻ ചവിട്ടുപടിയിൽ നിന്നുകൊണ്ടു് ദൂരത്തേയ്ക്കു നോക്കിക്കൊണ്ടിരുന്നു. അടുത്തടുത്തസ്റ്റേഷനു് നാലു മൈലപ്പുറം ഒരു കുന്നു കയറേണ്ടിയിരുന്നു. ആയാസം കൊണ്ടു് എഞ്ചിൻ കിതച്ചു തുടങ്ങി. സ്റ്റേഷന്റെ കെട്ടിടങ്ങൾ ഓരോന്നായി കാണാറായി. അവസാനം മഞ്ഞനിറത്തിലുള്ള ആ സ്റ്റേഷനും.

"ഒററമൂച്ചിനു കടന്നു കളഞ്ഞാലോ?" ഡ്രൈവർ ചോദിച്ചു.

"ഹും അതിനു കാര്യമെന്തു്" നിക്കുലിൻ പറഞ്ഞു "നാം കടന്നുപോയി കഴിഞ്ഞു ജർമ്മൻകാർ വഴി മുറിച്ചു കളഞ്ഞാൽ കാര്യം വട്ടത്തിലായി. പിന്നെയെന്താഗതി?"

അവരുടെ ലക്ഷണമൊന്നും ഇവിടെ കാണുന്നില്ലല്ലോ. നിക്കുലിൻ ആലോചിച്ചു. ഏതായാലും നമുക്കു വണ്ടിനിറുത്താം. നമുക്കു് സ്കൗട്ടുകളെ അയച്ചു അന്വേഷണം നടത്താം.

പക്ഷെ അവർക്കു് സ്കൗട്ടുകളെ അയയ്ക്കേണ്ട ആവശ്യമുണ്ടായില്ല. നിക്ക്ലിൻ പറഞ്ഞുകഴിയുന്നതിനു മുമ്പുതന്നെ സ്റ്റേഷന്റെ മുമ്പിൽനിന്നു് ഒരു മെഷ്യൻ തോക്കു് അലറിത്തുടങ്ങി. നിക്ക്ലിൻ എൻജിന്റെ മുൻപടിയിലേയ്ക്കു് ചാടിക്കയറി. പാളത്തിൽക്കൂടി ജർമ്മൻകാർ എൻജിന്റെ നേരെ ഓടിയടുക്കുന്നതാണു് നിക്ക്ലിൻ കണ്ടതു്. ഒരു വശത്തു കുറെ ഭടന്മാർ ആൻറിടാങ്കു് തോക്കു് തയ്യാറാക്കുകയും ചെയ്യുന്നുണ്ടു്. അവരുടെ മെഷിൻതോക്കു് ആൻറിടാങ്കു് തോക്കിനു നേരെ നിറയൊഴിക്കുവാൻ നിക്ക്ലിൻ ആജ്ഞാപിച്ചു. കൂടാതെ 10 ടോമി തോക്കുകളും ഒരു സമയം അതേ ലക്ഷ്യത്തിലേയ്ക്കു് വെടിതുടങ്ങി. ഈ സമയംകൊണ്ടു് ഡ്രൈവർ വണ്ടി പുറകോട്ടു് ഓടിച്ചു തുടങ്ങി.

"പുറകു നോക്കിക്കൊള്ളുക" ഡ്രൈവർ അതിവേഗത്തോടെ വിളിച്ചുപറഞ്ഞു. നിക്കുലിൻ

സി. അച്യുതമേനോൻ

# ആനുപാതികപ്രാതിനിധ്യം

(“ലോകചരിത്ര സംഗ്രഹ”വും,“സോവിയററു്”നാട്ടും കൈരളിയ്ക്കു് സമ്പാദിച്ച ശ്രീ അച്യുതമേനോനെ മലയാളികൾക്കു് പരിചയപ്പെടുത്തേണ്ട ആവശ്യമില്ലല്ലൊ. കൊച്ചീരാജ്യത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ശ്രീ. അച്യുതമേനോന്റെ സ്ഥാനം അദ്വിതീയമാണ്. 1938 മുതലുള്ള എല്ലാ രാഷ്ട്രീയസംരംഭങ്ങളിലും അനന്യാദൃശ്യമായ ത്യാഗത്തോടും കഴിവോടും പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം ഇപ്പോൾ കൊച്ചി കമ്മ്യൂണിസ്ററ് പാർട്ടിയുടെ സിക്രട്ടറിയാണ്.

ആനുപാതിക പ്രാതിനിധ്യം അവകാശപ്പെട്ടുകൊണ്ടുള്ള ഒരു പ്രമേയം തിരുവിതാംകൂർ കമ്മ്യൂണിസ്ററു് പാർട്ടി പാസാക്കിയിരിക്കുന്ന ഈ സന്ദർഭത്തിൽ ശ്രീ മേനോന്റെ ലേഖനം വളരെ പ്രയോജനകരമായിരിക്കും. പത്രാധിപർ)

വോട്ടർമാരുടെ ഇടയിൽ ഓരോ അഭിപ്രായ ഗതിക്കും എത്രത്തോളം സ്വാധീനശക്തിയുണ്ടോ, ഏകദേശം അതേ തോതിൽതന്നെ പ്രസ്തുത അഭിപ്രായഗതികളെ നിയമസഭകളിലും പ്രതിനിധിസ്ഥാപനങ്ങളിലും പ്രതിഫലിപ്പിക്കുകയെന്നതാണ് ആനുപാതിക പ്രാതിനിധ്യത്തിന്റെ ഉദ്ദേശ്യം. ഇന്നു സാധാരണ നിലവിലിരിക്കുന്ന വോട്ടിങ്ങ് സമ്പ്രദായം കൊണ്ടു (ഓരോ നിയോജകമണ്ഡലത്തിൽനിന്നും ഒരാളെമാത്രം തിരഞ്ഞെടുക്കുകയും ഓരോ വോട്ടർക്കും ഒരൊററവോട്ടു മാത്രം ഉണ്ടായിരിക്കുകയും ചെയ്യുന്ന സമ്പ്രദായം കൊണ്ടു്) ഈ ഉദ്ദേശം സാധിക്കുന്നില്ല. ഏതെങ്കിലും പ്രബലമായ ഒരഭിപ്രായ ഗതിക്കാർ പ്രാതിനിധ്യം മുഴുവൻ കരസ്ഥമാക്കുകയും ഗണ്യമായ ന്യൂനപക്ഷങ്ങൾപോലും യാതൊരു പ്രാതിനിധ്യവും ലഭിക്കാതെ ഞെരിക്കപ്പെടുകയുമാണ് ചെയ്യുന്നതു്. മദിരാശി നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനും കമ്മ്യൂണിസ്ററു പാർട്ടിക്കും ലഭിച്ച സ്ഥാനങ്ങൾ നോക്കിയാൽ ഇതു കാണാവുന്നതാണ്. കോൺഗ്രസ്സിനു ആകെ 12 ലക്ഷവും കമ്മ്യൂണിസ്ററുപാർട്ടിക്കു 3 ലക്ഷവും വോട്ടുകളാണ് കിട്ടീട്ടുള്ളതു്. ആ സ്ഥിതിക്കു കോൺഗ്രസിനു കിട്ടീട്ടുള്ള സീററുകളുടെ നാലിൽ ഒന്നു കമ്മ്യൂണിസ്ററു പാർട്ടിക്കു കിട്ടേണ്ടതാണ് ന്യായം. എന്നാൽ ഇന്നു കമ്മ്യൂണിസ്ററുകാർക്കു കിട്ടീട്ടുള്ളതു് കേവലം 2 സീററു മാത്രമാണല്ലോ. ഈ അനീതി ചിലപ്പോൾ ഇതിലുമെത്രയോ ഉൽക്കടമായ നിലയിൽ പ്രത്യക്ഷപ്പെട്ടു എന്നു വരാം. അതായതു വാസ്തവത്തിൽ ആകെയുള്ള വോട്ടിൽ കൂടുതൽ കിട്ടിയാൽപോലും സ്ഥാനങ്ങൾ കുറവായിരിക്കും. മദിരാശിയിലെ തൊഴിലാളി നിയോജകമണ്ഡലങ്ങളിൽനിന്നുള്ള തിരഞ്ഞെടുപ്പിൽ ഇതാണുണ്ടായതു്. പകുതിയിലധികം വോട്ടു അതിൽ കമ്മ്യൂണിസ്ററുപാർട്ടിക്കുകിട്ടി. എന്നാൽ സീററുകൾ പകുതിയോളംപോലും കിട്ടിയതുമില്ല. ആകെ 6 തൊഴിലാളി നിയോജക മണ്ഡലങ്ങളിൽകൂടി കമ്മ്യൂണിസ്ററു പാർട്ടിക്കു 36832-ം കോൺഗ്രസിനു 35920 ം വോട്ടുകൾ കിട്ടിയെങ്കിലും കമ്മ്യൂണിസ്ററു പാർട്ടിക്കു 2 സീററും കോൺഗ്രസിനു 4-ം ആണ് കിട്ടിയതു്.

ആധുനികസമ്പ്രദായത്തിലുള്ള തിരഞ്ഞെടുപ്പുകൾ തുടങ്ങിയ കാലം മുതൽക്കേ രാജ്യതന്ത്രജ്ഞന്മാരുടെ ശ്രദ്ധക്കു വിഷയീഭവിച്ചിട്ടുള്ള ഒരു സംഗതിയാണിതു്. ഓരോ അഭിപ്രായഗതിക്കും അതിനു നാട്ടിൽ യഥാർത്ഥത്തിലുള്ള സ്വാധീനശക്തിക്കൊത്തവണ്ണം പ്രാതിനിധ്യം കൊടുപ്പാനുള്ള വഴികളെപ്പററി ആലോചന തുടങ്ങി. അതിന്റെ ഫലമായി ഉണ്ടായതാണ് ആനുപാതിക പ്രാതിനിധ്യസമ്പ്രദായം.

ഈ യുദ്ധത്തിനു ശേഷം യൂറോപ്പിലുണ്ടായിട്ടുള്ള പുതിയ ജനാധിപത്യഭരണക്രമങ്ങൾ ഈ സമ്പ്രദായമാണ് സ്വീകരിച്ചിട്ടുള്ളതു്. ഫ്രാൻസ്, ഇററലി, ചെക്കോസ്ലോവാക്യ, യൂഗോസ്ലേവിയാ മുതലായ രാജ്യങ്ങളിൽ അടുത്തു നടന്ന തെരഞ്ഞെടുപ്പുകൾ ആനുപാതിക പ്രാതിനിധ്യത്തെ അടസ്ഥാനപ്പെടുത്തി ആയിരുന്നു.

രാജ്യത്തെ ആകെ ഒന്നാകിൽ ഒരൊററ നിയോജക മണ്ഡലമാക്കിയോ അല്ലെങ്കിൽ ഫ്രാൻസിൽ ചെയ്തിരിക്കുന്നതുപോലെ മൂന്നോ നാലോ വലിയഡിവിഷനുകളായോ നിർത്തുന്നു. തിരഞ്ഞെടുപ്പിനു നിൽക്കുന്ന ഓരോ പാർട്ടിയും ഓരോ ലിസ്റ്റ്—അവരുടെ സ്ഥാനാർത്ഥികളുടെ ലിസ്റ്റ്—സമർപ്പിക്കും. അവക്കു ഓരോ വർണ്ണവും അനുവദിക്കും. വോട്ടിംഗ് കഴിഞ്ഞാൽ രാജ്യത്താകെ ഓരോ പാർട്ടിക്കും എത്ര വോട്ടു കിട്ടീട്ടുണ്ടെന്നു നോക്കും. ഓരോ പാർട്ടിക്കും കിട്ടീട്ടുള്ള വോട്ടുകളുടെ അനുപാതം (തോതു്) അനുസരിച്ചു ആകെയുള്ള സീററുകളെ ഭാഗിച്ചു കൊടുക്കും. ഒരുദാഹരണം കൊണ്ടു് ഇതു കൂടുതൽ വ്യക്തമാക്കാം. ഒരു സംസ്ഥാനത്തിൽ ആകെ 50 സീററും 50 ലക്ഷം വോട്ടും ഉണ്ടെന്നുവിചാരിക്കുക. കോൺഗ്രസ്, മുസ്ലീംലീഗ്, കമ്യൂണിസ്റ്റ് പാർട്ടി, പട്ടികജാതി ഫെഡറേഷൻ എന്നിങ്ങനെ നാലു കൂട്ടർ തെരഞ്ഞെടുപ്പിനു നിൽക്കുന്നു. അതിൽ കോൺഗ്രസ്സിനു് 50 ലക്ഷവും, കമ്യൂണിസ്റ്റ് കാർക്കു 4 ലക്ഷവും;വോട്ടു് കിട്ടി എന്നു വിചാരിക്കുക. എന്നാൽ 50 സീററുകളെ 25: 15: 6: 4 എന്നതോതിൽഭാഗിക്കും.അപ്പോൾ കോൺഗ്രസ്സിനു 25 സീററും ലീഗിനു 15-ം, പട്ടിക ജാതിക്കാർക്കു 6-ം, കമ്യൂണിസ്റ്റ് പാർട്ടിക്കു 4-ം കിട്ടും.

ഇവിടെവരെ ഒരു ചോദ്യം വരുന്നു. ഇപ്പോൾ കോൺഗ്രസ്സിനു 25 സീററു കിട്ടി. പക്ഷെ ആരെയെല്ലാമാണ് തെരഞ്ഞെടുക്കുന്നതു് ? ഇന്നിന്ന കോൺഗ്രസ്സുകാർക്കാണ് വോട്ടു കൊടുത്തതു എന്നതു വ്യക്തമാക്കീട്ടില്ലല്ലോ ഇതു വളരെ വിഷമമുള്ള പ്രശ്നമല്ല. ഓരോ പാർട്ടിയും സമർപ്പിക്കുന്ന ലിസ്റ്റിൽ അവരുടെ ഏററവും നല്ല സ്ഥാനാർത്ഥികളെ മുൻഗണന അനുസരിച്ചു് ലിസ്റ്റിൽ ചേർത്തു കൊടുക്കണം. അങ്ങനെ കോൺഗ്രസ്സുകാർ 30 ആളുകൾ അടങ്ങിയ ലിസ്റ്റാണ് കൊടുത്തിട്ടുള്ളതെങ്കിൽ അതിൽനിന്നു ആദ്യത്തെ 25 ആളുകളെ തെരഞ്ഞെടുത്തതായി പ്രഖ്യാപിക്കും. ഇതു പോലെ മററു പാർട്ടികളും.

രാജ്യമൊട്ടാകെ ഒരു നിയോജക മണ്ഡലമാക്കൽ ആനുപാതിക പ്രാതിനിധ്യത്തിന്റെ അനിവാര്യ സ്വഭാവമാണെന്നു ധരിച്ചു പോകരുതു്. താത്വികമായി പറയുകയാണെങ്കിൽ രണ്ടിലധികം സ്ഥാനങ്ങളുള്ള നിയോജകമണ്ഡലങ്ങൾ വേണമെന്നേയുള്ളു. എങ്കിലും ആരുടെയും വോട്ടു നിഷ്ഫലമായിപോകാതിരിക്കുന്നതിനും ഓരോ അഭിപ്രായ ഗതിക്കും നാട്ടിലുള്ള പിൻബലം കണക്കാക്കുന്നതിനും വലിയ നിയോജകമണ്ഡലങ്ങളാണുപകരിക്കുക.

ഇനി വോട്ടു ചെയ്യുന്ന രീതിയിൽ പല വ്യത്യാസങ്ങൾ വരുത്താം. ഇന്ത്യയെപ്പോലെ ഭൂരിപക്ഷം വോട്ടറന്മാരും എഴുത്തില്ലാത്തവരായ ഒരുരാജ്യത്തു വർണ്ണപ്പെട്ടിയുംഒററവോട്ടുംമാത്രമേ പ്രായോഗികമായുള്ളു. ഈ സമ്പ്രദായത്തിനുമാററപ്പെടാൻ വയ്യാത്ത ഒററ വോട്ടു ( സിംഗിൾ നോൺ ട്രാൻസ്ഫറബിൾ) എന്നാണു പറയുന്നതു്. ഇതുകൂടാതെ മാററപ്പെടാവുന്ന ഒററ വോട്ടുണ്ടു്. (സിങ്കിൾ ട്രാൻസ്ഫറബിൾ) ഇതാണ് കൂടുതൽ ശാസ്ത്രീയവും ഫലപ്രദവും. പക്ഷെ എഴുത്തും വായനയും അറിയാവുന്ന വോട്ടർമാർക്കേ അതു പ്രയോഗിച്ചു കൂടു.

അതിന്റെ സമ്പ്രദായം ഇങ്ങനെയാണ്. ആകെ നൂറു വോട്ടർമാരുണ്ടെന്നു വിചാരിക്കുക. 10 ആളെ തിരഞ്ഞെടുക്കുകയും വേണം. അപ്പോൾ 10 വോട്ടു കിട്ടിയാൽ ഒരാൾജയിച്ചു എന്നതു തീർച്ചയാണല്ലൊ. ഓരോ വോട്ടർക്കും സ്ഥാനാർത്ഥികളുടെ പേർ അച്ചടിച്ചിട്ടുള്ള കടലാസ്സ കിട്ടും. അതിൽ അയാളുടെ ഇഷ്ടം. അയാൾ ആ പേരുകളുടെ നേക്കു 1, 2, 3, എന്നിങ്ങനെ അടയാളപ്പെടുത്തി കാണിക്കണം. അതായതു അയാൾക്കു ഏററവും അധികം സമ്മതനായ ആളുടെ പേരിന്റെനേക്ക് 1എന്നിടുക. പിന്നെ സമ്മതനായ ആളുടെ നേക്ക് 2 എന്നിങ്ങനെ. 1എന്നെഴുതിയാൽഅതിനെ First preference vote ആദ്യപക്ഷവോട്ട് എന്നും 2നെ രണ്ടാംപക്ഷവോട്ട് എന്നും അണ് പറയുന്നതു്. വോട്ടെണ്ണുമ്പോൾ A എന്ന ആൾക്കു് 10 ആദ്യപക്ഷവോട്ടുകിട്ടിയാൽഉടനെ അയാളെ തിരഞ്ഞെടുത്തതായി പ്രഖ്യാപിക്കും. A യ്ക്കു ത

---

നോക്കി. ഭയംകൊണ്ടു് നിക്കുലിന്റെ ഹൃദയം മരവിച്ചുപോയി. അഞ്ചു ജർമ്മൻകാർ കൈബോമ്പുകളുമായി പാളത്തിലേക്കു് ഓടിയടുക്കുന്നു. അവർ സമയത്തിനു് പാളത്തിലെത്തിയാൽ കാര്യമെല്ലാം കലാശിച്ചു. നാവികന്മാർ അവരുടെനേരേ വെടിവയ്ക്കുന്നുണ്ടു്. പക്ഷേ ആ ഭയങ്കരവേഗത്തിൽ എങ്ങിനെയാണ് ഉന്നം നോക്കുന്നതു്

യന്ത്രത്തിന്റെ കണ്ണുകഠോരമായ ഇരമ്പലിന്റെയും മുകളിൽ നിക്കുലിൻ വിളിച്ചു പറഞ്ഞു.

“കമന്നുകിടക്കു!”

ജർമ്മൻകാർ പാളത്തിലെത്തിയില്ല. അമ്പതടി അകലെ വച്ചു് അവരുടെ കൈബോമ്പുകൾ വെടികൊണ്ടു് പൊട്ടിത്തെറിച്ചു. കൂട്ടത്തിൽ അവരും. എൻജിൻ സ്റ്റേഷനു പുറത്തുകടന്നു.

പിന്നെയും അവർ സ്പീഡു കൂട്ടി. ജർമ്മൻകാർ ദൂരെനിന്നു വെടിവച്ചുകൊണ്ടിരുന്നു വെങ്കിലും അവരുടെ ധൃതികൊണ്ടോ എന്തോ ഷെല്ലുകൾ എല്ലാം ദൂരെയാണ് വീണതു്. കുറച്ചുനിമിഷങ്ങൾകൊണ്ടു് തോക്കിന്റെ പരിധിയിൽനിന്നും അങ്ങിനെ അപകടമേഖലയിൽനിന്നും അവർ രക്ഷപെട്ടു.

“അമ്പ! രക്ഷപെട്ടു” നെററിയിൽനിന്നു് വിയർപ്പുതുടച്ചുകൊണ്ടു് ഫോമിച്ചോവ് അഭിപ്രായപ്പെട്ടു. “സമയവുംതീന്നെന്നാണ് വിചാരിച്ചതു്. ഏതായാലും ശുക്രൻ തെളിഞ്ഞ കാലമാണ്.

——

ന്നെ കൂടുതൽ ആദ്യപക്ഷവോട്ടു കിട്ടീട്ടുണ്ടെങ്കിൽ പിന്നീടുവരുന്നതൊല്ലാം അതേവോട്ടിംഗ് കടലാസ്സിലെ രണ്ടാംപക്ഷക്കാരനു മാററി കൊടുക്കും. ഇതാണ് മാററപ്പെടാവുന്ന ഒററവോട്ടെന്നു ഇതിനെ പറയാൻ കാരണം. ചിലപ്പോൾ ആദ്യപക്ഷവോട്ടു രണ്ടുസ്ഥാനാത്ഥികൾക്കു സമമായി കിട്ടിയാൽ അതിൽ കൂടുതൽ രണ്ടാംപക്ഷവോട്ടുകിട്ടിയ ആളെ തിരഞ്ഞെടുത്തതായി പ്രഖ്യാപിക്കും. ഇതാണ് ഭരണഘടനാ സമിതിയിലേക്ക് സിന്ധ് അസംബ്ളിയിൽ നിന്നുള്ള തിരഞ്ഞെടുപ്പിൽ ഉണ്ടായതു്. അവിടെ ഒരു ലീഗുകാരനും ഒരു ദേശീയമുസ്ലീമിനും എട്ടു് ആദ്യപക്ഷവോട്ടുകിട്ടി. അതിൽ ലീഗുകാരനു കൂടുതൽ രണ്ടാംപക്ഷവോട്ടുണ്ടായിരുന്നതിനാൽ അയാളെ തിരഞ്ഞെടുത്തതായി പ്രഖ്യാപിച്ചു.

ഭരണഘടനാനിർമ്മാണസമിതിയിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ ആനുപാതിക പ്രാതിനിധ്യവും മാററപ്പെടാവുന്ന ഒററവോട്ടുമാണ് സ്വീകരിച്ചിരിക്കുന്നതെന്നു ഇവിടെ പറഞ്ഞുകൊള്ളട്ടെ. ഈ സമ്പ്രദായത്തിനു മി. ഹെയറിൻെറ സമ്പ്രദായം (Hare'ssystem) എന്നുംപേരുണ്ടു്. 1859-ൽ മി. ഹെയർ എന്നൊരു സായ്പ് നിർദ്ദേശിച്ചതാണ് ഈ സമ്പ്രദായം.

കൂട്ടുനിയോജകമണ്ഡലങ്ങളോ വേണ്ടതു് പ്രത്യേക നിയോജകമണ്ഡലങ്ങളോ എന്ന തക്കത്തിനു് ഈ ആനുപാതിക പ്രാതിനിധ്യമാണു ശരിയായ പോംവഴി. കൂട്ടുനിയോജകമണ്ഡലങ്ങളെ പട്ടികജാതി നേതാക്കന്മാർ എതിർക്കാനുള്ള കാരണം ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ വളരെ വ്യക്തമായി കാണുകയുണ്ടായി. പട്ടിക ജാതിക്കാർമാത്രം വോട്ടുചെയ്യുന്ന ആദ്യത്തെ തിരഞ്ഞെടുപ്പിൽ വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി 21 സ്ഥാനങ്ങളിൽ ജയിച്ച അംബേദ്കരുടെ പാർട്ടിക്കു പിന്നത്തെ തിരഞ്ഞെടുപ്പിൽ (ജാതിഹിന്ദുക്കളുംകൂടി വോട്ടുചെയ്യുന്നതിൽ) കേവലം 2 സ്ഥാനങ്ങളാണ് കിട്ടിയതു്. അതായതു് പട്ടിക ജാതിക്കാരിൽ ഭൂരിപക്ഷത്തിനു ഇഷ്ടമില്ലാത്ത ആളുകളെ (അവർ ജാതിയിൽ അധഃകൃതരാണെങ്കിൽകൂടി) അവരുടെ പ്രതിനിധികളാക്കിത്തീക്കുന്നു. ഇതു മാററുവാൻ വേണ്ടിയാണ് അവർ പ്രത്യേക നിയോജകമണ്ഡലങ്ങൾ ആവശ്യപ്പെടുന്നതു്. അതിൽ കുറെ ന്യായവുമുണ്ടു്. എന്നാൽ പ്രത്യേക നിയോജകമണ്ഡലത്തിനു് ഒരു വലിയ തകരാറുണ്ടു്. വോട്ടിങ്ങ് കേവലം ജാതിയെ അടിസ്ഥാനപ്പെടുത്തിമാത്രമാകുന്നു. ഒരു ജാതി ഹിന്ദുവോട്ടുക്കു ഒരധഃകൃതനു്, ഉദാഹരണത്തിനു് അംബദ്കർക്കു തന്നെ, വോട്ടുചെയ്യാനാണ് ഇഷ്ടമെങ്കിൽകൂടി അതു സാധിക്കയില്ല. രാഷ്ട്രീയജീവിതത്തിൽ അന്യോന്യസമ്പക്കത്തെ തടയുകയാണിതു ചെയ്യുന്നതു്. ഈ ദോഷം ഇല്ലാത്തതും എന്നാൽ അതേ സമയത്തു തന്നെ പട്ടിക ജാതിക്കാരുടെ ഭൂരിപക്ഷ പിൻബലമുള്ള ആളുകളെ തിരഞ്ഞെടുക്കാൻ സഹായിക്കുന്നതുമാണ് ആനുപാതിക പ്രാതിനിധ്യം. പട്ടിക ജാതിക്കാക്കു മാത്രമല്ല മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾ മുതലായ ചെറിയ ന്യൂനപക്ഷങ്ങൾക്കും ഇതു ഗുണകരമായിരിക്കും.

പാർട്ടി അടിസ്ഥാനത്തിലുള്ള രാഷ്ട്രീയജീവിതംപ്രബലപ്പെട്ടിട്ടുള്ള പാശ്ചാത്യരാജ്യങ്ങളിലേ മാത്രമെ ഇതു നടക്കൂ എന്നും ഇന്ത്യയിൽ പ്രായോഗികമല്ലെന്നും ചിലർപറയാറുണ്ടു്. പക്ഷെ അതു് ആലോചിക്കാതെ പറയുന്നതാണ്. ഇന്ത്യയിലും നാട്ടുകാർ പാർട്ടിഅടിസ്ഥാനത്തിൽ തന്നെയാണ് ചിന്തിക്കുന്നതെന്നു ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പു ധാരാളത്തിലധികം വ്യക്തമാക്കിട്ടുണ്ടു്. യൂറോപ്പിൽ സോഷ്യൽ ഡെമോക്രാററിക്ക്, റിപ്പബ്ളിക്കൻ, സോഷ്യലിസ്റ്റ്, കമ്മ്യൂണിസ്റ്റു, എന്നീ പാർട്ടികളാണെങ്കിൽ ഇന്ത്യയിൽ അതിനു പകരം കോൺഗ്രസ്സ്, ലീഗ്, കമ്മ്യൂണിസ്റ്റ്, പട്ടികജാതിഫെഡറേഷൻ എന്നിങ്ങനെയുള്ള പാർട്ടികളാണ് എന്നുമാത്രം. മലപ്പുറം നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പിൽ നിന്നു ഒരു സംഗതി വ്യക്തമായിട്ടുണ്ടെങ്കിൽ അതു നാട്ടുകാർ പാർട്ടിഅടിസ്ഥാനത്തിലാണ് ചിന്തിക്കുന്നതെന്നുള്ളതാണ്. പഴയ കോൺഗ്രസ്സുകാരനായ എം. പി. ഗോവിന്ദമേനോനും ഈ തിരഞ്ഞെടുപ്പിനു വേണ്ടി കോൺഗ്രസ്സുവേഷം കെട്ടിച്ച കെ. രാഘവനും കിട്ടിയ വോട്ടുകളുടെ എണ്ണം സമമാണ്. അതുപോലെതന്നെ ഒരു നല്ല ലീഗുകാരനായ സീതിസാഹെബിനും വെറും കരിഞ്ചന്തക്കാരനായ കോയപ്പത്തൊടിക്കും കിട്ടിയ വോട്ടുകൾ സമമാണ്, രണ്ടുപേക്കും ലീഗുടിക്കററുണ്ടായിരുന്നതിനാൽ.

ഇതിനു നേരെ വിപരീതമായ ഒരാക്ഷേപമാണ് മറെറാരുകൂട്ടർ പുറപ്പെടുവിക്കുന്നതു്. ഈ സമ്പ്രദായം വന്നുകഴിഞ്ഞാൽ പാർട്ടികൾക്കല്ലാതെ, വ്യക്തികൾക്കു അവരെത്ര നല്ലവരായാലും സ്ഥാനമില്ലെന്നുവരുമത്രെ. പക്ഷെ ഇതും ശരിയല്ല. ഒരു പ്രത്യേകവ്യക്തിക്കു ഏതെങ്കിലും പ്രദേശത്തെ രാജ്യമൊട്ടാകെത്തന്നെയൊ നല്ല സ്വാധീനശക്തിയുണ്ടെങ്കിൽ സ്വതന്ത്രനായിനിന്നുതന്നെ അയാൾക്കു ജയിക്കാൻ കഴിയും. 2 ഉദാഹരണത്തിനു കൊച്ചിയിൽ ആകെ 7 ലക്ഷം വോട്ടും 50 സ്ഥനങ്ങളും നിയമസഭാതിരഞ്ഞെടുപ്പിനു് ഉണ്ടാവുകയാണെങ്കിൽ ആനുപാതികപ്രാതിനിധ്യം സ്വീകരിച്ചാൽ 14000 വോട്ടുകിട്ടുന്ന ഏതൊരു സ്ഥാനാർത്ഥിക്കും ഒരു സീററു കിട്ടും. ഒരു സ്വതന്ത്രന അത്രവോട്ടു കിട്ടുകയെന്നതു അസംഭാവ്യമൊന്നുമല്ല. അങ്ങിനെ യഥാർത്ഥത്തിൽ ജനസമ്മതന്മാരായ സ്വതന്ത്രക്കും ജയിക്കാൻ കഴിയും.

——

ഡീസ।

# സാമ്പിൾ അസംബ്ളി

## വിനോദം

എലിയെ ബ്ളായ്ക്കുമാർക്കററിൽ വിൽക്കുന്നു—ഐക്യകേരളം ബങ്കാളികൾക്ക്—തിരുവനന്തപുരം മോമ്മോ ആണ്—നാരായണിയമ്മയും കാണസംബ്ളിയും—സർപ്ളസ് യുവതികളെ റേഷൻ ചെയ്യണം—ചാഴിയുടെ ശല്യം—ചങ്ങനാശ്ശേരിയിൽ റെയിൽവെസ്റ്റേഷൻ—അസംബ്ളിയിൽ കാട്ടാന.

(സ്വന്തം ലേഖകൻ)

തിരുവനന്തപുരം, കക്കടകം 22

പതിവുപോലെ അസംബ്ളി ദിവാൻ പ്രസിഡണ്ടിൻെറ അദ്ധ്യക്ഷതയിൽ 11 മണിക്കാരംഭിച്ചു. ആദ്യമായി ചോദ്യോത്തരങ്ങൾ നടന്നു.

മി. പി. എസ്. മഹമ്മദ്—മുസ്ലീം ലീഗിൻെറ ഏതെല്ലാം മെമ്പറന്മാർ എന്തെല്ലാം ബഹുമതികൾ ഉപേക്ഷിച്ചുവെന്നു പറയുവാൻ ഗവമ്മെൻറിനു ദയവുണ്ടാകുമോ?

ഗവ. സെ-ഈ ഗവമ്മെൻറിനു മുസ്ലീം ലീഗിൻെറ കാരത്തിൽ യാതൊരു താല്പര്യവും ഇല്ല.

ദി. പ്ര-മുസ്ലീം ലീഗിൻെറ പാകിസ്ഥാൻ വാദത്തോടു ഞാൻ യോജിക്കുന്നില്ലെങ്കിലും ലീഗിൽ എനിക്കു നിരവധി സുഹൃത്തുക്കൾ ഉണ്ടു്. സർ ഗുലാം ഹിദായത്തുള്ള, സർ, ഫിറോസ് ഖാൻ നൂൺ, സർ നാസിമുദീൻ ഇവരെല്ലാം തുടങ്ങി പലരും 'സർ' സ്ഥാനം ഉപേക്ഷിച്ചതായി വിവരം കിട്ടിയിട്ടുണ്ടു്.

മി. ഏ. കെ. ഭാസ്കരൻ—ലീഗ്നേതാക്കന്മാർ ഉപേക്ഷിച്ച ബഹുമതി മുഖേകൾ ഈ സഭയിലെ മെമ്പറന്മാക്കു ലഭിക്കത്തക്കവണ്ണം വേണ്ട നടപടികൾ എടുക്കുവാൻ ഗവർമ്മെൻറു തയ്യാറാകുമോ?

മി. കെ. ആർ. നാരായണൻ-സർ, മി. ഭാസ്കറിനു് കഴിഞ്ഞ പ്രാവശ്യം 'റാവുസാഹിബ്' സ്ഥാനം നൽകിയിട്ടുണ്ടു്. വൈക്കം താലൂക്കിനു ഇതുവരെയും യാതൊരു ബഹുമതിയും ലഭിച്ചിട്ടില്ല. ഞാൻ കഴിഞ്ഞ 12 വർഷമായി തുടർച്ചയായി നിയമസഭാമെമ്പറായിരുന്നിട്ടുണ്ടു്.

മി. കെ. ജി. കേശവൻ നായർ-ചിറക്കടവിൽ ഒരു വിമാനത്താവളം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഗവ. സെ--തിരുവനന്തപുരത്തെ താവളത്തിൻെറ പണി കഴിഞ്ഞാലുടനെ അതെപ്പററി ആലോചിക്കാം.

മി. കെ. എം. പോൾ-എലി ഒന്നിനു് എത്ര ചക്രമാണ് ഇപ്പോൾ ക്ലിപ്തപ്പെടുത്തിയിരിക്കുന്ന വില?

ഗവ. സെ-ഒരു ചക്രം

മി. ചാഴികാടൻ-ചില തഹസീൽദാരന്മാർ പാവപ്പെട്ട കർഷകരോടു ഒരു ചക്രം വച്ചു എലിയെ വാങ്ങി ഒന്നരച്ചക്രം വച്ചു വിൽക്കുന്നതായി ഗവർമെൻറിനറിയാമോ?

ദി. പ്ര-ബഹുമാനപ്പെട്ട മെമ്പർ അങ്ങനെയുള്ള തഹസീൽദാരുടെ പേരു പ്രസ്താവിക്കുകയാണെങ്കിൽ അരമണിക്കൂറിനകം ആ ഉദ്യോഗസ്ഥനെ പിരിച്ചു വിടുന്നതാണ്.

മി. കൊച്ചുകൃഷ്ണപിള്ള--മെമ്പർ ജൂൺ 2-ാംനു മുതൽ സ്റ്റേറുകോൺഗ്രസ്സിലെ ഒരംഗമല്ലേ?

മി. ചാഴികാടൻ-ജൂൺ 2-ാം തീയതി ഞാൻ സ്റ്റേററു കോൺഗ്രസ്സിൽ ചേന്നിട്ടില്ല.

ചോദ്യോത്തരങ്ങളുടെ സമയം അവസാനിക്കയാൽ ബഡ്ജററു വിമർശം തുടന്നു. മി. ടി. പി. വേലായുധൻപിള്ള ഇന്നലെ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോഴാണ് 5 മണിയടിച്ചതു്. അദ്ദേഹത്തിൻെറ പ്രസംഗം തുടന്നു.

മി. ടി. പി. വേലായുധൻപിള്ള—....കിൽ അതു് അനുമോദനാർഹമാണ്. ഇത്ര ഭംഗിയായ ഒരു ബഡ്ജററ് തയ്യാറാക്കിയതിൽ ഫിനാൻഷ്യൻ സെക്രട്ടറിയെയും ഗവ. പ്രസ്സ് സൂപ്രണ്ടിനെയും അഭിനന്ദിക്കുന്നു. ആരെന്തു പറഞ്ഞാലും ഐക്യകേരളം നമുക്കാവശ്യമില്ല. ഐക്യകേരളം കൊണ്ടു കൂടുതൽ ആവശ്യമുള്ളതു് ബങ്കാളികൾക്കും പഞ്ചാബികൾക്കും ആണ്. ആവശ്യമുണ്ടെങ്കിൽ അവർ അതുണ്ടാക്കിക്കൊള്ളട്ടെ.

മി. കെ. ഏ. മാത്യു—ഐക്യകേരളത്തെപ്പററി സി. രാജഗോപാലാചാരി എന്താണ് പറഞ്ഞിരിക്കുന്നതെന്നു് മെമ്പറിനറിയാമോ?

മി. ടി. പി.—ഇപ്പോൾ അദ്ദേഹമല്ല മദ്രാസിലെ പ്രധാനമന്ത്രി. അരി കൊണ്ടുള്ള ഇഡ്ഡലി നിറുത്തിയതു നന്നായി. ചെങ്ങന്നൂർ ആശുപത്രിയുടെ മുൻവശത്തു് സ്വല്പം ഇടത്തോട്ടു മാറി ഒരു കുളം കുഴിക്കണം. വയ്ക്കോലിനും പുല്ലിനും വില വളരെ കൂടുതലാണ്. പുല്ലിനു റേഷനിംഗ് ഏർപ്പെടുത്തണം.

ദി. പ്ര—കനേഡിയൻ പ്രധാനമന്ത്രിയിൽ നിന്നും ഇന്നു രാവിലെ എനിക്കൊരു കത്തു കിട്ടിയിട്ടുണ്ടു്. തിരുവിതാംകൂറി

(ശേഷം 12-ാംപേജിൽ)

# ചെറുകഥ

(4-ാംപേജിൽനിന്നും)

വുകൾക്കുമുമ്പിൽ നിസാരന്ണുപോലും! ആ ബന്ധം ദു:ഖങ്ങൾക്കു ഇടയാക്കുകയുള്ളത്രേ. എഴുത്തുകളുടെ ദൈർഘ്യം കുറയുകയും കാലവിളംബം വർദ്ധിക്കയും ചെയ്യുന്നു. എന്തിനധികം. ഞാൻ പിടിച്ചുകയറാൻ ശ്രമിച്ചതു് ദുർബലമായ ഒരു വാഴനാരിലായിരുന്നു.

രുഗ്മിണി.

പ്രിയപ്പെട്ട സഹോദരി;

മറുപടിക്കു താമസിച്ചതുക്ഷമിക്കണം. എഴുത്തും വായനയുമായി ഞാൻ അത്രമാത്രം അകൽച്ചയിലാണു്. വീട്ടിലെ സ്ഥിതി വളരെ കഷ്ടത്തിലായി. ഞാൻ അങ്ങനെ ജീവിക്കുന്നുവെന്നുമാത്രം. അച്ഛനു് എപ്പോഴും കോപമാണു്. അതു് അദ്ദേഹത്തിൻെറ കുററമല്ല. ഇരുപത്തിരണ്ടുവയസ്സുള്ള ഒരു അവിവാഹിതയായ മകൾ. ആ ഓർമ്മ പിതൃഹൃദയത്തിനു് വേദനാജനകമല്ലെ! ഞാൻ അച്ഛനെ സമാധാനിപ്പിക്കുവാനും പ്രീതിപ്പെടുത്തുവാനും ഉററുശ്രമിക്കുന്നുണ്ടു്. എങ്കിലും എന്നെ കണ്ടുകൂടെന്നു തോന്നുന്നു. ഒരു വിവാഹജീവിതത്തെപ്പററി എനിക്കു് ആശയില്ല. അച്ഛൻെറ ദു:ഖം എങ്ങിനെ അവസാനിക്കും. ഈശ്വരനു് പാവപ്പെട്ടവർക്കു് പെൺമക്കളെ കൊടുക്കാതിരുന്നുകൂടെ അല്ലെങ്കിൽ നല്ലതെന്തെല്ലാം

അങ്ങനെ ഒരാളുണ്ടെങ്കിൽ അദ്ദേഹത്തിനു ചെയ്യുവാൻ കഴിയുമായിരുന്നു!

രുഗ്മിണി

പ്രിയമാലതി,

നീ പറഞ്ഞ ആൾ ഇവിടെ വന്നിരുന്നു. അങ്ങനെ പലരും വന്നിരുന്നു. എന്താണു ഫലം! ഞാൻ അതിലൊന്നും ശ്രദ്ധിച്ചതേയില്ല. വല്ലപ്പോഴുമൊക്കെ അങ്ങിനെ ചിലർ വരും വിശപ്പു സഹിക്കാൻ പ്രാപ്തിയില്ലാത്ത എൻെറ കൊച്ചുസഹോദരങ്ങളുടെയുംഞങ്ങളുടെ എല്ലാവരുടെയുംതന്നെ ഒരാഴ്ചത്തെആഹാരസാധനങ്ങൾ ആ വിരുന്നുകാർ കഴിക്കും. അച്ഛൻെറ കടം കുറച്ചുകൂടി വർദ്ധിക്കും. പാവപ്പെട്ട അമ്മ സദ്യയും കാപ്പിയും ഒരുക്കിത്തരും. എല്ലാം സഹിക്കാം. അവർക്കു് ചരക്കു് ഒന്നു കാണണം. അതിനു് അണിഞ്ഞുനിൽക്കുന്ന കാര്യമാണു് ഏററവും കഷ്ടം. ഞാൻ അതു സാദ്ധ്യമല്ലെന്നു് തീർത്തുപറഞ്ഞതാണു്. എന്തു ചെയ്യാം. അമ്മയുടെ കണ്ണുനീർ കാണുമ്പോൾ എല്ലാം ചെയ്തുപോകുന്നു. എപ്പോഴത്തെയും കഥയിതുതന്നെ. അയൽവീട്ടിൽ ഒരു സംഭവമുണ്ടായി, അവിടെയും ഒരു പ്രായമായ ഒരു പെണ്ണുണ്ടു്. കുറച്ചുദിവസംമുമ്പു് ഒരു ദല്ലാൾ ഒരു ചെറുപ്പക്കാരനുമായി അവിടെ ചെന്നു. യുവാവു് ഒരു ധനികനാണു്. ആ പെൺകുട്ടിയെ ക്ഷേത്രത്തിൽ വച്ചു കണ്ടു് മോഹിച്ചാണു് ഈ ആലോചന. ഉയർന്ന പല സ്ഥാനത്തുനിന്നും അയാളെതട്ടിയെടുക്കാൻ നോക്കി. അയാൾക്കു് ഇതിലാണു് താൽപര്യം. അങ്ങിനെ ആ ഏജൻറു് അവരെ പറഞ്ഞു ധരിപ്പിച്ചു. ഉച്ചയ്ക്കു് എന്തു കേമമായ സദ്യ ആയിരുന്നെന്നോ? അയൽവീട്ടിലെ പണ്ടങ്ങൾ മുഴുവൻ വാങ്ങി അവളെ അണിയിച്ചിട്ട ദല്ലാൾ അടങ്ങിയുള്ള. എന്നിട്ടു് അയാൾക്കു കൈകഴുകുവാൻ അവളെക്കൊണ്ടു വെള്ളം എടുപ്പിച്ചുകൊടുത്തു. ഒരാഴ്ചക്കു ശേഷം വിവാഹം ഉറപ്പിക്കുവാൻ വരാമെന്നു പറഞ്ഞു് അവർ പിരിഞ്ഞു. അടുത്ത ദിവസം അയാളെപ്പററി ശരിയായ വിവരങ്ങൾ കിട്ടി. ഒരു ഭാര്യയും രണ്ടു കുട്ടികളുമുള്ള ആ മനുഷ്യൻ ദല്ലാളിൻെറസ്യാലൻ ആയിരുന്നു അടുത്ത സ്ഥലത്തു് ഒരു പുര കച്ചവടം ചെയ്യാൻ പോയ അവർ ഉച്ചയ്ക്കു് സുഖമായി ഒന്നുണ്ണുവാൻ അവിടെ കയറി എന്നേയുള്ളു. ഞങ്ങളുടേതുപോലുള്ള ഗ്രാമങ്ങളിൽ ഈ മാതിരി സംഭവങ്ങൾ ഒട്ടും അപൂർവ്വമല്ല. എങ്കിലും പെൺമക്കളുള്ളവർ ഇതെല്ലാം സഹിക്കണം.

എനിക്കു് ഒന്നു മാത്രമെ പറയാനുള്ളു. പരാശ്രയംകൂടാത്ത ഒരു ജീവിതത്തിനുവേണ്ടി ശ്രമിക്കൂ.

നിൻെറ രുഗ്മിണി

സഹോദരി,

ദാരുണമായ അനുഭവങ്ങൾ. ആലോചനയുടെ ആ കാലവും അവസാനിച്ചു. ഇന്നും പുരുഷന്മാർ ഇവിടെ വരാറുണ്ടു്. വിവാഹത്തിനു് ആലോചിച്ചല്ല. എൻെറ ചാരിത്രത്തിനു വില പറയാൻ.ഹതാശയരായിമടങ്ങുന്നവർ നമ്മെ വെറുതെ വിടുമെന്നു വിചാരിക്കേണ്ട. അങ്ങിനെ കഥകൾ പലതും പരക്കുന്നു. ഞാൻ ഒന്നും ഗൗനിക്കുന്നില്ല. നിരാശ അതിനുള്ള കരുത്തു് എനിക്കു തന്നുകഴിഞ്ഞു. നീ അത്ഭുതപ്പെടുകയാണു് "എന്നിട്ടും ജീവിക്കുന്നു." അതേ മാലതീ, ഞാൻ ജീവിക്കുകയാണു്.

രുഗ്മിണി

പ്രിയപ്പെട്ട മാലതീ,

നീ ഇവിടെ വരുന്നെന്നോ? അയ്യോ! അതുമാത്രം ചെയ്യരുതേ! ഞാൻ നീ അറിയുന്ന രുഗ്മിണിയല്ല. ഇന്നു് എന്നെക്കണ്ടാൽ ആൾ മനസ്സിലാക്കാൻപോലും കഴിയുകയില്ല. അതിലൊന്നും എനിക്കു ദു:ഖമില്ല. പക്ഷെ, എൻെറ ഒരു സതീർത്ഥ്യയുടെ മുമ്പിൽ നിൽക്കുവാൻമാത്രം എനിക്കു ശക്തിയുണ്ടോ എന്നു പരീക്ഷിക്കരുതേ. എൻെറ അപമര്യാദയ്ക്കു മാപ്പുതരിക.

നിൻെറ രുഗ്മിണി

സഖി,

ഇന്നു് എൻെറ ഇരുപത്തഞ്ചാമത്തെ ജന്മദിനമാണു്. പുതിയ പരീക്ഷണങ്ങളെ അഭിമുഖീകരിച്ചുകൊണ്ടാണു് അതു വന്നു ചേർന്നതു്. ഇന്നലെ കൊച്ചച്ഛൻ ഇവിടെ വന്നിരുന്നു. പതിനാറുവർഷങ്ങൾക്കുശേഷം ആദ്യമായിട്ടു് ഞങ്ങളും അദ്ദേഹവുമായി അല്പം നീരസത്തിലായിരുന്നു. അമ്മയെ അച്ഛൻ വിവാഹം കഴിച്ചതു് അദ്ദേഹത്തിൻെറ വീട്ടുകാർക്കു് ഇഷ്ടമായിട്ടല്ല. കൊച്ചച്ഛനു് പ്രത്യേകിച്ചും ഇന്നലെ വന്നപ്പോൾ അദ്ദേഹം അതെല്ലാം തീരെ വിസ്മരിച്ചതായി തോന്നുന്നു.

കൊച്ചച്ഛൻ ഒരാലോചനയുമായാണു വന്നതു്. എനിക്കു് കൂടുതലൊന്നും അറിഞ്ഞുകൂടാ. അദ്ദേഹം വന്നു് കുറച്ചു കഴിഞ്ഞപ്പോൾ മുതൽ അച്ഛനു് വലിയ സന്തോഷമാണു്. എന്നോടു് പ്രത്യേകമായൊരു താല്പര്യവും. ഇന്നു് നല്ല പുടവയും ബ്ളൗസും എല്ലാം വാങ്ങിക്കൊണ്ടു വന്നു. അച്ഛൻെറ പക്കൽ ഒരു കാശും ഉണ്ടായിരുന്നില്ല. എല്ലാം കൊച്ചച്ഛൻ കൊണ്ടുവന്ന പണം കൊണ്ടായിരിക്കണം. ഈ ആലോചനയിൽ അമ്മയ്ക്കും വലിയ വിശ്വാസമുള്ളതുപോലെ തോന്നുന്നു. ഞാൻ ഒരു പുതിയ മാക്കററിലേക്കു് അയയ്ക്കപ്പെടുകയാണു്. ഫലം അറിയിക്കാം.

അദ്ദേഹത്തിൻെറ കാര്യമോ ഇതുവരെ വിവാഹം കഴിച്ചിട്ടില്ല. മൂന്നാലു വർഷമായി കത്തുകൾ ഒന്നും കിട്ടാറുമില്ല.

രുഗ്മിണി

പ്രിയപ്പെട്ട മിത്രമേ,

പുതിയ ഒരു സംഭവംമാത്രം. എൻെറ വിവാഹം തീരുമാനിച്ചുകഴിഞ്ഞു. അതിൽ എനിക്കു ഒരു പ്രത്യേകതയും തോന്നുന്നില്ല. അഞ്ചാറുവർഷങ്ങൾക്കു മുമ്പു് ഹൃദയത്തിൽ വിപ്ളവമിളക്കുന്ന വികാരങ്ങളോടെയല്ലാതെ ആ ദിനത്തെ എനിക്കു് സ്മരിക്കുവാൻ കഴിയുമായിരുന്നില്ല. ഭാവി വരനെപ്പററിയുള്ള ഓമന പ്രതീക്ഷകൾകൊണ്ടു് ഞാൻ എത്ര ചിത്രങ്ങൾ രചിച്ചിട്ടുണ്ടു്! പെണ്ണുങ്ങൾ എല്ലാം അങ്ങനെ ചെയ്തിരിക്കണം. കാലം അതെല്ലാം മാച്ചുകളഞ്ഞു. തഴമ്പിച്ച ഹൃദയഭിത്തികൾക്കു് നേർത്തവികാരങ്ങൾ പ്രതിഫലിപ്പിക്കുവാൻ കഴിയുകയില്ല. എങ്കിലുംഎല്ലാംആരുംമുൻപു നിന്നെ അറിയിക്കുവാൻ ഒരു കൗതുകം എനിക്കുണ്ടു്. വാസ്തവത്തിൽനിനക്കു് കത്തെഴുതുന്ന സമയം മാത്രമാണു് എൻെറ അടുത്ത കാലത്തെ ഭാഗ്യ നിമിഷങ്ങൾ.

ഈ കത്തെഴുതുമ്പോൾ കൊച്ചച്ഛനും വിവാഹം ഉറപ്പിക്കുവാനായി വന്ന അതിഥികളും ഇവിടെയുണ്ടു്. സഖി, നിനക്കു ഒന്നു അറിയണ്ടേ, എൻെറ ഭാവി ഭർത്താവിനു എന്നെ ഒന്നു കാണുകപോലും വേണ്ടാ. എനിക്കു കാണണമോ എന്നു ആലോചിച്ചിട്ടുമില്ല. അദ്ദേഹംഒരു സമ്പന്നനാണുപോലും. പ്രായം മുപ്പതിൽ കുറിയുകയില്ലത്രേ. സ്ത്രീധനവും വേണ്ടാ. സംശയിക്കുവാൻ വ്യക്തമായ കാരണങ്ങളൊന്നുമില്ലെങ്കിലും എനിക്കു് ഇതിലെല്ലാം വലിയ സംശയങ്ങളുണ്ടു്. തേനും മണവും നശിച്ച ഈ കാട്ടുപൂവിനെ തേടി ഒരാൾ എന്തിനു വരുന്നു? പുരുഷനു വേണ്ടതു എന്താണെന്നു നമുക്കറിഞ്ഞുകൂടേ? ആ മരവിച്ച സംതൃപ്തിയുടെ അർത്ഥം എന്തായിരിക്കും.

ഏതുവേദനയ്ക്കും എന്നെ ഇനിയും പ്രസന്നപ്പെടുത്തുവാൻ കഴിയുകയില്ല. എല്ലാംവന്നുകൊള്ളട്ടെ. വിവാഹത്തിനു് ക്ഷണിക്കുന്നില്ല. നീയതിൽ സന്തോഷിക്കുവാനേയുള്ളു.

സ്വന്തം രുഗ്മിണി

സഹോദരീ,

ഇന്നുതന്നെ ഈ കത്തെഴുതുവാൻ സാധിച്ചതിൽ എനിക്കു ചാരിതാർത്ഥ്യമുണ്ടു്. വിവാഹം കഴിഞ്ഞു. ആ പൂമാല എൻെറ കഴുത്തിൽ വീണിട്ടു് ഇനിയും ഒരുമണിക്കൂറായിട്ടില്ല. എന്നിട്ടും ഞാനിതു് എഴുതുകയാണു്. കൈക്കു് ഒരു വിറയലില്ലെന്നു പറഞ്ഞുകൂടാ. കൂട്ടുകാരി, ഞാൻ ഒന്നു നോക്കി. ആൾ തരക്കേടില്ല. പ്രായവും തീരെ കുറവു്. ഞാൻ അത്ഭുതപ്പെടുകയാണു്.

ഇതിലെല്ലാം എന്നെ സ്തബ്ധയാക്കിയ ഒരു സംഭവംകൂടെയുണ്ടായി. അതിഥികൾ വളരെ കുറച്ചേയുണ്ടായിരുന്നുള്ളു. ഞാൻ പന്തലിലേക്കു് ഇറങ്ങിയപ്പോൾ ആദ്യമായി കണ്ടതു് മി. മണിയേയാണു്. അയ്യോ! ഞാൻ ആകെ തളർന്നുപോയി. പക്ഷെ അദ്ദേഹമോ? പുരുഷന്മാരുടെ മനസ്ഥിതി എന്താണെന്നു് ആർക്കറിയാം. തൻെറ ശിഷ്യ ഒരു വമ്പിച്ച സദസ്സിൽ ആദ്യമായി പാട്ടുകച്ചേരി നടത്തുന്നതു് കണ്ടുകൊണ്ടിരിക്കുന്ന ഒരു ഭാഗവതരുടെ അഭിമാനദ്യോതകമായ മുഖഭാവമായിരുന്നു അദ്ദേഹത്തിൻേറതു്! സ്മരണകളുടെ ഒരു ഘോഷയാത്ര എന്നെ സ്തബ്ധയാക്കിക്കളഞ്ഞു. എൻെറ ഭാവഭേദങ്ങൾ ആരെങ്കിലും സൂക്ഷിച്ചിട്ടുണ്ടോ എന്നു് എനിക്കറിവില്ല. പഴയ കാമുകൻ ഒരു ഭാര്യയുടെ ദുസ്വപ്നമാണു്. ഭാവിയിൽ ഇരുൾ പരക്കത്തക്ക പലതും അതിൽ മായാതെ കാണും. എന്തുകൊണ്ടോ എനിക്കു സമാധാനമില്ല.

ഇന്നുതന്നെ ഭർതൃഗൃഹത്തിലേക്കു് പോകുവാനാണു തീരുമാനം. അടുത്ത കത്തു് അവിടെ നിന്നും എഴുതാം.

നിൻെറ രുഗ്മിണി

പ്രിയ മിത്രമേ!

ഞാൻ ഒരെഴുത്തയച്ചിട്ടു് ആറുമാസം കഴിയുന്നു. കാര്യം മനസ്സിലാക്കുമ്പോൾ നീ പരിഭവിക്കയില്ലെന്നു് എനിക്കറിയാം. അന്നു് എഴുതിയിരുന്നെങ്കിൽ എഴുതുവാൻ ഇടയുള്ള കാര്യങ്ങളോർത്തു ഞാൻ ഞെട്ടുന്നു.

എൻെറ ദാമ്പത്യത്തെപ്പററിയാണല്ലോ നിനക്കറിയേണ്ടതു്. സഖി ഈ വിവാഹത്തിലടങ്ങിയിരിക്കുന്ന വഞ്ചന ആരെയും അത്ഭുതപ്പെടുത്തും. നല്ല ഒരു പ്രതിഫലം പററിക്കൊണ്ടു് അച്ഛനും കൊച്ചച്ഛനും ചേർന്നു് എന്നെ വില്ക്കുകയായിരുന്നു. ആർക്കെന്നോ? മിക്കവാറും അന്ധനായിക്കഴിഞ്ഞിരുന്ന ഒരു നേത്രരോഗിക്കു്. അതു് എന്നെ അറിയിക്കാതിരിക്കാൻ അവർ എന്തെല്ലാം കൃത്രിമമാർഗ്ഗങ്ങൾ നോക്കി. ആ വിവാഹച്ചടങ്ങുതന്നെ അതിനു ലക്ഷ്യമായിരുന്നു. എങ്കിലും എനിക്കു് അവരോടു പരിഭവമില്ല. കാഴ്ചയുള്ള ഒരു ജാമാതാവിനെ

## ബാലൻ

# പതിമൂന്നാം പേജ്

ബാലൻ പണ്ടേ പറയാറുണ്ട് പതിമൂന്ന് ചിലർക്കെന്നും അത്ര ആരോഗ്യകരമല്ലെന്ന്. തെളിവുവേണമെങ്കിൽ കൊച്ചി പത്രങ്ങൾ വായിച്ചുനോക്കണം. കർക്കിടകം പതിമൂന്ന് അവിടെ ഒരു മഹോത്സവമായിരുന്നു. വിവിധ രാഷ്ട്രീയ സംഘടനകളുടെ (കൊച്ചിയിൽ "ഏക" സംഘടന ഭ്രാന്തില്ലെന്ന് തോന്നുന്നു) സംയുക്താഭിമുഖ്യത്തിൽ ഉത്തരവാദഭരണദിനം കൊണ്ടാടിയതാണ് ആ മഹോത്സവം. പതിമൂന്നിനാരംഭിച്ച ആ മഹായജ്ഞം ഇടന്ന്കൊണ്ടുപോയാൽ കൊച്ചിരാജ്യത്തിന്റെ ഭാവി എന്തായിരിക്കുമെന്ന് വിഭാവനംചെയ്യുന്നത് സന്തോഷകരമാണ്. പൊതുരാഷ്ട്രീയലക്ഷ്യത്തിന്റെ അഗ്നിയിൽ അഭിപ്രായഭിന്നതകൾ വെന്തുരുകി പ്രജാമണ്ഡലവും, സോഷ്യലിസ്റ്റും, കമ്മ്യൂണിസ്റ്റും, ഈഴവരും, തൊഴിലാളിയും എല്ലാം ഒന്നിച്ച് വിജയപതാക പാറിപ്പറപ്പിക്കുന്ന ഒരു മോഹനസ്വപ്നമാണ് ബാലനുണ്ടാവുന്നത്. പക്ഷെ ആ സ്വർഗ്ഗാനുഭൂതിയിൽനിന്ന് ഒരു കാട്ടുറുമ്പിന്റെ കടി എന്നെ ഉണർത്തുന്നു. തൃശ്ശൂർനിന്നും പുറപ്പെടുന്ന ഒരു പത്രത്തിൽ കണ്ട ഒരു വാർത്തയാണത്. ഇരിങ്ങാലക്കുടയിൽ ഇങ്ങനെ രണ്ടു കമ്മ്യൂണിസ്റ്റുകാർ ഉണ്ടോ, അവർ പീടികപൂട്ടിയോ എന്നൊന്നും എനിക്കറിഞ്ഞുകൂടാ. കർക്കിടകം പതിമൂന്നാം തീയതിയുടെ വർത്തമാനങ്ങളിൽ ഈ വിവരത്തിന് അരക്കാളം കൊടുക്കത്തക്ക പ്രാധാന്യം അതിലില്ലെന്ന് തോന്നുന്നുണ്ട്. ഉണ്ടെങ്കിൽതന്നെ പൊതുലക്ഷ്യത്തെക്കാളും ശ്രദ്ധ കക്ഷിമത്സരത്തിൽ ഉള്ളവർക്ക് മാത്രമായിരിക്കും. ഈ വർത്തമാനംതന്നെ വിശ്വസിക്കാൻ വിഷമമാക്കിത്തീർക്കുന്ന ഒരു സംഭവംകൂടിയുണ്ട്. ഈ പത്രത്തിൽതന്നെ കണ്ട മറ്റൊരു ന്യൂസാണത്. പണ്ഡിതജിയുടെ അറസ്റ്റിനെ പ്രതിഷേധിച്ച് എറണാകുളത്ത് നടന്ന ഘോഷയാത്ര നയിച്ച കമ്മ്യൂണിസ്റ്റിനെ ലോക്കപ്പിലടച്ചപ്പോൾ, അയാൾ കൊടിയിട്ടുകളഞ്ഞ് ഒളിച്ചോടി എന്ന് പരസ്യം ചെയ്ത പത്രത്തിന്റെ സത്യസന്ധത വിശ്വസിക്കാൻ വിഷമമാണ്. പ്രജാമണ്ഡലത്തിന്റെ പത്രമാണെന്നു പറഞ്ഞാലും സമാധാനമാവുകയില്ലല്ലോ.

നാറുന്ന അധികാര ഭ്രമത്തോടെ നിന്റെ കൈയിൽ ഭരണം കിട്ടുന്ന കാലത്തെ ഓർത്ത് ഞാൻ ഞെട്ടുന്നു

* * *

1946-ൽ ബ്രിട്ടീഷ് ബഹുമതി വലിച്ചെറിയുന്നത് ഒരു വലിയ കാര്യമല്ല. എങ്കിലും അത് ഔദ്യോഗികമായി ചെയ്തതിൽ മുസ്ലിംലീഗിനെ അനുമോദിക്കാതെ നിവൃത്തിയില്ല. യജമാനന്റെ വിശ്വസ്തനായാട്ടുപട്ടികളുടെ നെറ്റിയിൽ അടിക്കാൻ അനേകം മുകേൾ ലണ്ടനിൽനിന്ന് വാർത്ത വിടുന്നുണ്ട്. അവയിൽ ഇനിയും അഭിമാനംകൊള്ളുന്നവരുണ്ടോ എന്തോ ഹിദായത്തുള്ളയും നാസിമുദീനും ഈ തീരുമാനം അൽപ്പം സങ്കടകരമായിരിക്കും. ഫിറോസ്ഖാൻനൂൺ ഹൃദയസ്തംഭനം കൊണ്ട് മരിച്ചുപോയേക്കാനും മതി.

ഇതിലുമുണ്ട് വിരോധാഭാസം പിന്നോക്കം നിൽക്കുന്ന മുസ്ലിംലീഗ് ബഹുമതിയുപേക്ഷിക്കുമ്പോൾ, ബഹുമതിക്കാർ ഡസൻ കണക്കിന് സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ തറവാട്ടിലേക്ക് നുഴഞ്ഞുകയറുന്നു.

* * *

സർ രാമസ്വാമിമുതലിയാർ മൈസൂർ ദിവാനായി നിയമിക്കപ്പെട്ടിരിക്കുന്നു

"ഹാ പുഷ്പമേ, അധികതും..........."

* * *

സർ മിഴ്സാഇസ്മായേലിനെ ഹൈദ്രബാദ് ദിവാനായി നിയമിച്ചിരിക്കുന്നു. അഖിലേന്ത്യാ പര്യടനം പൂർത്തിയാകാൻ ഇനി ഫരീദ്കോട്ടിൽകൂടി പോയാൽ മതി.

* *

കവിയൂരുള്ള ഒരു മൂസ്സതും ഒരു പാമ്പുമായി ഒരു കടിപിടി മത്സരമുണ്ടായിരിക്കുന്നു. അയ്യയ്യേ അശുദ്ധാവില്ലേ മൂസ്സേ?

......


## പ്രസന്നകേരളം

കളരിക്കൽബസാർ കോട്ടയം.

വരിസംഖ്യ

| | |
|---|---|
| ഒരാണ്ടത്തേക്ക് | 6 ക. |
| ആറുമാസത്തേക്ക | 3 ക. |
| മൂന്നുമാസത്തേക്ക | ഒന്നരക. |

വി. പി. ഏർപ്പാടില്ല.

പരസ്യക്കൂലിക്ക് എഴുതിച്ചോദിക്കുക.

മാനേജർ
പ്രസന്നകേരളം
കോട്ടയം


അച്ഛൻ ആഗ്രഹിക്കാതെയല്ല. പത്തു നീണ്ട വർഷങ്ങൾ അദ്ദേഹം അതിനു ശ്രമിച്ചു. സ്ത്രീധനത്തിന് വകയില്ലാത്ത ആ ദരിദ്രൻ അതിനർഹനല്ലെന്ന് മനസ്സിലാക്കി. അതിൽ ഞാനെന്തിന് അദ്ദേഹത്തെ കുറ്റപ്പെടുത്തണം?

സഖി, ഇന്നലെ 4 മണിക്ക് അദ്ദേഹം പൂർണ്ണമായും ഒരന്ധനായി. രാവും പകലും ഭേദമില്ലാത്ത ജീവിതം. അതിൽ പ്രത്യേകതകളൊന്നുമില്ല. ഈ കഴിഞ്ഞ ആറു മാസത്തിലധികകാലവും അദ്ദേഹം ആശുപത്രിയിലായിരുന്നു. ആ കണ്ണുകൾക്കുവേണ്ടി ഇനിയും അദ്ദേഹം വേദനയനുഭവിക്കേണ്ട. അത്രമാത്രം. എങ്കിലും ഞാൻ അദ്ദേഹത്തെ സ്നേഹിക്കുന്നു. എന്റെ കണ്ണുകളിൽകൂടി ഇന്ന് അദ്ദേഹം എല്ലാം കാണുന്നു. ഈ സേവനത്തിന് ഭാഗ്യം ലഭിച്ചതിൽ എനിക്ക് കൃതാർത്ഥതയേയുള്ളു.

ആ വിവാഹ ദിനം— അദ്ദേഹം ഒരു കുരുടനാണെന്നു അറിഞ്ഞപ്പോൾ ഞാൻ എന്തെല്ലാം വിചാരിച്ചെന്നോ? എന്നെ എന്റെ സമ്മതം കൂടാതെ വിലയ്ക്കു വാങ്ങി അനുഭവിക്കാമെന്നു കരുതിയ ഒരു നീചനോട് ഞാൻ പ്രതികാരം ചെയ്യുമെന്ന് പ്രതിജ്ഞചെയ്തു. കഷ്ടം അതിൽ ഞാൻ ഇന്നും ദുഃഖിക്കുന്നു. ഒരു ഭർത്താവും കാമുകനുമായുള്ള അന്തരം ഞാൻ അറിഞ്ഞു. ഇതുവരെ അദ്ദേഹം എന്റെ കിടപ്പുമുറിയിൽ കിടന്നിട്ടില്ല. തന്റെ അപൂർണ്ണത അദ്ദേഹം ശരിക്കറിയുന്നുണ്ട്. കാഴ്ചയില്ലാത്തവർക്ക് ഒരു പിന്തുണ വേണ്ടേ? ഹാ! ആ പെരുമാറ്റം എന്തു ഹൃദ്യമാണെന്നോ?

ഞാൻ ഇന്നു അദ്ദേഹത്തെ എന്റെ ശയ്യാഗാരത്തിലേക്കു ക്ഷണിക്കും. ഒരു കാമുകനുണ്ടായിരുന്ന ഭാര്യ—അതു അവൾക്ക് ഒരു കുറവാണ്. അന്ധനായ ഭർത്താവ്—അതു അദ്ദേഹത്തിനും. ഞങ്ങൾ അങ്ങനെ തുല്യരാണ്. ഞാൻ ആ കഥകളെല്ലാം കഴിഞ്ഞ ഒരു ദിവസം അദ്ദേഹത്തോടു പറഞ്ഞു. സഹോദരീ, ആ വിശാലഹൃദയൻ അതൊരു ശൈശവപ്രകൃതിപോലെ നിസ്സാരമായി തള്ളിക്കളഞ്ഞു. അങ്ങിനെ ഞങ്ങൾ പരസ്പരം അറിയാവുന്ന ദമ്പതികളായി.

എന്റെ മാലതി, നീ ഈ അനുഭവങ്ങളെ നമ്മുടെ വിദ്യാലയത്തിലെ സ്വപ്നങ്ങളോട് ഏച്ചുകെട്ടരുതേ! ഞങ്ങൾക്കു മംഗളം നേരു.

നിന്റെ സഖി
രുഗ്മിണി

—


VISIT VISIT VISIT

The Central Electric Studio
CHANGANACHERRY.

രാത്രിയിലും പകലും ഫോട്ടോഎടുക്കുന്ന ചങ്ങനാശ്ശേരിലെ ഏക സ്ഥാപനം

സെൻട്രൽ ഇലക്ട്രിക്ക സ്റ്റുഡിയോ
ചങ്ങനാശേരി



കാളിദാസ കലയുടേയും അതിനെ അധഃപതിപ്പിച്ച കലയുടേയും

മാനദണ്ഡം

(മേഘസന്ദേശത്തിൽ നിന്ന് മയൂരസന്ദേശത്തോളം)

—മരപ്പാവകൾ പോയി മഹാമനുഷ്യരായി; മഹാമനുഷ്യരുടെ സ്ഥാനം സാധാരണ മനുഷ്യർ കയ്യേറി; ഇനി സാധാരണ മനുഷ്യർ ചോദ്യം ചെയ്തു തുടങ്ങും—നമ്മുടെസാഹിത്യത്തിലെ ഈ പരിണാമം അളന്നു കാട്ടുന്നതാണ്

ശ്രീ മുണ്ടശ്ശേരിയുടെ

ഈ പുതിയ പുസ്തകം. വില 1ക. 4ണ.

മംഗളോദയം ലിമിറ്റഡ്
തൃശ്ശിവപേരൂർ.